



**KERALA INSTITUTE OF LOCAL ADMINISTRATION (KILA)**

Mulamkunnathukavu P O, Thrissur - 680 581, Kerala, India,
Ph: +91-487-2207000,2201312, +91-487-2201062 | Mail: info@kila.ac.in,
Web: www.kila.ac.in





## സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

# സാമൂഹ്യസുരക്ഷിത തദ്ദേശഭരണം

**കൈപ്പുസ്തകം**


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

ജൂലൈ 2022

## സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

# സാമൂഹ്യസുരക്ഷിത തദ്ദേശഭരണം

### കൈപ്പുസ്തകം


**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

മുളംകുന്നത്തുകാവ്, തൃശ്ശൂർ-680581

ജൂലൈ 2022

**ചീഫ് എഡിറ്റർ**
**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

**Chief Editor**
**Dr. Joy Elamon**
Director General, KILA

**എഡിറ്റർ**
ഡോ. പീറ്റർ എം രാജ്

**Editor**
Dr. Peter M Raj

**അസോസിയേറ്റ് എഡിറ്റർമാർ**
ശ്രീമതി. സുകന്യ കെ.യു
ശ്രീ. എം.ജി. കാളിദാസൻ
ശ്രീ. ഭാസ്കരൻ പള്ളിക്കര
ശ്രീ. സജീവ് കെ.ജി

**Associate Editors**
Ms. Sukanya K.U
Sri. M.G Kalidasan
Sri. Bhaskaran Pallikkara
Sri. Sajeevu K.G

**എഡിറ്റോറിയൽ സഹായം**
ശ്രീ. ഷൈജു എം

**Editorial Support**
Mr. Shyju M

**കവർ & ലേഔട്ട്**
ശ്രീ. അഭിരാം കെ.ടി.കെ

**Cover & Layout**
Mr. Abhiram K.T.K

**പ്രസാധനം**

**Published by**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളംകുന്നത്തുകാവ്, തൃശൂർ 680581
ഫോൺ: 0487-2207000 (ഓഫിസ്)
0487-2201312 (ഡയറക്ടർ ജനറൽ)
0487-2201062 (ഫാക്സ്)
ഇ-മെയിൽ: info@kila.ac.in
വെബ്സൈറ്റ്: http//www.kila.ac.in

Kerala Institute of Local Administration
Mulamkunnathkavu, Thrissur - 680581
Phone: 0487 - 2207000 (Office)
0487 - 2201312 (Director General)
0487 - 2201062 (Fax)
e-mail: info@kila.ac.in
Website: http//www.kila.ac.in

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം

**Printed at**
Gramalakshmi Mudralayam

ജൂലൈ 2022

**July 2022**

# അവതാരിക

ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 243 ജി, ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്നത് പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാനവരാശിയുടെ തുടർപുരോഗതി സുസ്ഥിര വികസനത്തിന്റെ കാഴ്ചപ്പാടിലും ലക്ഷ്യങ്ങളുടെ അടിത്തറയിലുമാണ് നിലനിൽക്കുന്നത്. ലോകത്തിലാക മാനമായി ഉരുതിരിഞ്ഞുവരുന്ന ആഗോള മാറ്റങ്ങളിൽ മനുഷ്യർക്കൊപ്പം പ്രകൃതിയും ജീവജാലങ്ങളും സംസ്കൃതിയുമെല്ലാം ഇഴചേർന്നിരിക്കുന്നവെന്ന് വികസന ലക്ഷ്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഓരോ പ്രദേശത്തും സമാധാനവും നീതിയും ഉറപ്പാക്കികൊണ്ട് മാത്രമേ പൊതുനില വാരത്തിൽ നിന്നും പിന്നോക്കം നിൽക്കുന്നവരെ ഉയർത്തികൊണ്ടുവരുവാൻ കഴിയൂ. സമാധാനവും നീതിയും എല്ലാവർക്കും അനുഭവവേദ്യമാകണമെങ്കിൽ സാമൂഹ്യനീതി ഉറപ്പാക്കുന്ന സാമൂഹ്യസുരക്ഷിത തദ്ദേശഭരണം പ്രയോഗത്തിൽ എത്തേണ്ടതുണ്ട്. എല്ലാ മനുഷ്യർക്കും അടിസ്ഥാനാവശ്യങ്ങളും സൗകര്യങ്ങളും ഉറപ്പാക്കപ്പെടുകയും ഒപ്പം തന്നെ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും, അതിക്രമങ്ങളിൽ നിന്നും സുരക്ഷ ഒരുക്കികൊണ്ടും മാത്രമാണ് സാമൂഹ്യസുരക്ഷിത തദ്ദേശഭരണം യാഥാർത്ഥ്യമാക്കാൻ കഴിയൂ.

ഈ വിഷയമേഖലയുമായി ബന്ധപ്പെട്ട ആഗോളസൂചകങ്ങളുടെ സാധ്യതകളെ ഉപയുക്തമാക്കുകയെന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി രൂപപ്പെടുത്തി യിട്ടുള്ള പ്രാദേശിക സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്.

സാമൂഹ്യ വികസനത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാളും മുന്നോട്ടു പോയിട്ടു ണ്ടെന്നത് യാഥാർത്ഥ്യമാണെങ്കിലും അത് അന്തർദേശീയ നിലവാരത്തിലേക്ക് ഇനിയും ഉയരേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണ പ്രസ്ഥാനവും അധികാര വികേന്ദ്രീകരണവും അതോടൊപ്പം നവകേരള പരിപാടിയുടെ നവീനാശയങ്ങളും സാമൂഹ്യമേഖലയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള സുസ്ഥിരവികസന പരിശീലനത്തിൽ വളരെ പ്രധാനപ്പെട്ട വിഷയമേഖലകളിലൊന്നായി സാമൂഹ്യസുരക്ഷിത തദ്ദേശഭരണം ഉൾപ്പെടുത്തിയിട്ടുള്ളത്.

സാമൂഹ്യ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന തിനുള്ള ലക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നതിനായി സുസ്ഥിര വികസന പ്രാദേശിക

സൂചകങ്ങളെ ഉപയോഗപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ഈ പരിശീലനംകൊണ്ട് കഴിയുമെന്നാണ് പ്രതീക്ഷ. പരിശീലനത്തിന് നേതൃത്വം നൽകുന്ന പരിശീലകർക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും **സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണം സാമൂഹിക സുരക്ഷിത തദ്ദേശഭരണം** എന്ന ഈ കൈപ്പുസ്തകം തികച്ചും ഉപയോഗപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കിലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം രാജിനേയും സഹപ്രവർത്തകരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# ആമുഖം

സമാധാനവും നീതിയും ഒരു സമൂഹത്തിലും ഒറ്റപ്പെട്ട ഇടപെടലുകൾകൊണ്ട് ഉറപ്പാക്കുവാൻ സാധ്യമല്ല. ഒരു രാഷ്ട്രത്തിന്റെ സന്തോഷസൂചകം തിട്ടപ്പെടുത്തുന്നത് ജനങ്ങളുടെ ജീവിതനിലവാരവും സ്വസ്ഥതയും എത്രമാത്രം ഉണ്ടെന്ന് തിട്ടപ്പെടുത്തികൊണ്ടാണ്. എല്ലാ വിഭാഗം മനുഷ്യരേയും പൊതുനിലവാരത്തിലേക്ക് എത്തിക്കുകയും, കൂടുതൽ അവശത നേരിടുന്നവരെ തിരിച്ചറിഞ്ഞ് അവർക്കനുയോജ്യമായ പ്രത്യേക ഇടപെടലുകൾ നടത്തുകയും ചെയ്യുമ്പോഴാണ് സാമൂഹ്യസുരക്ഷിത തദ്ദേശഭരണം എന്ന നിലയിലേക്ക് നമ്മുടെ നാട് പുരോഗമിക്കുന്നത്.

ഈ രംഗത്ത് സ്തുത്യർഹമായ പല യജ്ഞങ്ങളും കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇവയെ സൂചക ബന്ധിതമായി ലക്ഷ്യനിർണ്ണയം നടത്തുന്നതിലും മോണിട്ടർ ചെയ്യുന്നതിലും ചില വിടവുകൾ ഉള്ളതായി കാണാം. ഈ സാഹചര്യത്തിലാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട സൂചക പരശീലനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഈ സന്ദർഭം പ്രയോജനപ്പെടുത്തി സാമൂഹ്യസുരക്ഷിത തദ്ദേശഭരണത്തെ സൂചകബന്ധിതമായി ഉയർത്തികൊണ്ട് വരുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്ന് ലക്ഷ്യത്തോടെയാണ് **സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണം സാമൂഹിക സുരക്ഷിത തദ്ദേശഭരണം** എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ആറ് അദ്ധ്യായങ്ങളായാണ് ഈ കൈപ്പുസ്തകം ക്രമപ്പെടുത്തിയിട്ടുള്ളത്. സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും (Millennium Development Goals–MDG), സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals–SDG) എന്ന ഒന്നാം അദ്ധ്യായത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളെയാണ് പരിചയപ്പെടുത്തുന്നത്. സാമൂഹ്യസുരക്ഷിത തദ്ദേശഭരണം ഒരാമുഖം എന്ന രണ്ടാം അദ്ധ്യായത്തിൽ വികസന സമീപനങ്ങളും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൂല്യബോധം എന്നീ വിഷയങ്ങളാണ് പ്രതിപാദിക്കുന്നത്. സാമൂഹ്യ അപായാവസ്ഥ കണ്ടെത്തൽ എന്ന മൂന്നാം അദ്ധ്യായത്തിലാകട്ടെ ദുർബലതക്ക് കാരണമായ കാര്യങ്ങൾ, സ്കീം മാപ്പിംഗ് തുടങ്ങിയ വിഷയങ്ങളാണ് ഉള്ളത്. സാമൂഹിക സുരക്ഷിതമായ തദ്ദേശഭരണം – തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്ന നാലാം അദ്ധ്യായത്തിൽ സാമൂഹ്യ സുരക്ഷിത തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള വികസന ലക്ഷ്യങ്ങൾ, ഇവ നേടുന്നതിനാവശ്യമായ സമഗ്ര പരിപാടികൾ എന്നിവ ചർച്ച ചെയ്യുന്നു. സാമൂഹ്യ സുരക്ഷിത തദ്ദേശഭരണവും സുസ്ഥിരവികസന ലക്ഷ്യങ്ങളും എന്ന അഞ്ചാം അദ്ധ്യായത്തിൽ പ്രാദേശികമായി ശേഖരിക്കേണ്ട സൂചക

കണക്കുകൾ, ഇവ സമഗ്ര വികസന വിഷയ മേഖലകളിലേക്ക് സന്നിവേശിപ്പിക്കുന്ന ശ്രമങ്ങൾ എന്നിവയാണ് വിവരിച്ചിട്ടുള്ളത്. സാമൂഹിക സുരക്ഷിതമായ തദ്ദേശഭരണം – മോണിട്ടറിംഗ് എന്ന ആറാം അദ്ധ്യായത്തിൽ മോണിട്ടറിംഗ് സമിതികളും അവയുടെ ചുമതലകളും പ്രതിപാദിക്കുന്നു.

ഈ കൈപ്പുസ്തകം സാമൂഹ്യസുരക്ഷിത തദ്ദേശഭരണം സുസ്ഥിരമാക്കാനും ആവശ്യമായ തീരുമാനങ്ങളെടുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. പീറ്റർ എം രാജ്**
അസോസിയേറ്റ് പ്രൊഫസർ, കില

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പേജ് നം |
|---|---|---|
| 1 | സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും (Millennium Development Goals-MDG), സുസ്ഥിര വികസന ലക്ഷ്യ ങ്ങളും (Sustainable Development Goals-SDG) | 09 |
| 2 | സാമൂഹ്യസുരക്ഷിത തദ്ദേശഭരണം - ആമുഖം | 12 |
| 3 | സാമൂഹ്യ അപായാവസ്ഥ - നിർണ്ണയം | 19 |
| 4 | സാമൂഹിക സുരക്ഷിത തദ്ദേശഭരണം - തദ്ദേശഭരണം സ്ഥാപനങ്ങളുടെ പങ്ക് | 24 |
| 5 | സാമൂഹ്യ സുരക്ഷിത തദ്ദേശഭരണവും സുസ്ഥിര വികസന ലക്ഷ്യങ്ങളും | 38 |
| 6 | സാമൂഹിക സുരക്ഷിതമായ തദ്ദേശഭരണ സ്ഥാപനം - മോണിട്ടറിംഗ് | 46 |

അദ്ധ്യായം 1

# സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും (Millennium Development Goals-MDG), സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals-SDG)

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള ആഗോള വികസന ലക്ഷ്യങ്ങളാണ് MDG യും SDG യും. 1972 ൽ സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ വച്ചു നടന്ന മാനവ പരിസ്ഥിതി (Human Environment) സമ്മേളനത്തിൽ നിന്നാണ് ഇവയുടെ തുടക്കം. 1983 ൽ ഐക്യരാഷ്ട്രസഭ രൂപീകരിച്ച പരിസ്ഥിതിയും വികസനവും എന്ന ലോക കമ്മീഷനാണ് (World Commission on Environment and Development) ആഗോള വികസന ലക്ഷ്യത്തിന് നിർവചനം നൽകിയത്. **"ഭാവിതലമുറയുടെ വികസനാവശ്യങ്ങൾക്ക് ഭംഗം വരാതെ ഇന്നത്തെ തലമുറയുടെ വികസനാവശ്യങ്ങൾ പരിഗണിക്കുക"** എന്നതായിരിക്കണം സുസ്ഥിര വികസനത്തിന്റെ മുഖ്യ ഊന്നൽ എന്ന ആശയം ഈ കമ്മീഷൻ മുന്നോട്ടു വച്ചു.

1989 ൽ നടന്ന കുട്ടികളുടെ അവകാശം എന്ന കൺവൻഷൻ, 1990 കളിൽ ഐക്യരാഷ്ട്രസഭയിലെ അംഗരാജ്യങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വികസന മുൻഗണനകൾ സംബന്ധിച്ച് തുടർച്ചയായി സംഘടിപ്പിച്ച ചർച്ചകളും സമ്മേളനങ്ങളും, 1992 ൽ റിയോയിൽ വച്ച് നടന്ന പരിസ്ഥിതിയും വികസനവും സമ്മേളനം, 1994 ൽ കെയ്റോയിൽ വച്ച് നടന്ന ജനസംഖ്യാ സമ്മേളനം, 1995 ൽ ബീജിംഗിൽ വച്ച് നടന്ന വനിതാ സമ്മേളനം എന്നിവയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ആഗോള വികസന ലക്ഷ്യങ്ങൾക്ക് അടിസ്ഥാനമായത്.

2000 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വച്ചു നടന്ന സഹസ്രാബ്ദ ഉച്ചകോടി (Millennium Summit) സഹസ്രാബ്ദ പ്രഖ്യാപനം പാസ്സാക്കി. ഇതിൽ 147 രാജ്യങ്ങളുടെ



തലവന്മാർ ഒപ്പിട്ടു. ഒരുവർഷം കഴിഞ്ഞ് 2001 ആഗസ്റ്റിൽ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ (Millennium Development Goals-MDG) ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. 2015 ഓടുകൂടി കൈവരിയ്ക്കേണ്ടിയിരുന്ന 8 ലക്ഷ്യങ്ങളും 48 ഉപലക്ഷ്യങ്ങളും ചേർന്നതാണ് സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ.

സുസ്ഥിര വികസനലക്ഷ്യങ്ങൾ (Sustainable Development Goals) 2030 ഓടുകൂടി കൈവരിക്കുന്നതിനുള്ള സാർവ്വത്രികമായ ഒരുകൂട്ടം ലക്ഷ്യങ്ങളും (Goals) ഉപലക്ഷ്യങ്ങളും (Targets) സൂചകങ്ങളും (Indicators) ആണ്. ഐക്യരാഷ്ട്രസഭയുടെ അംഗരാജ്യങ്ങൾ രാഷ്ട്രീയ നയരൂപീകരണത്തിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട ലക്ഷ്യങ്ങളാണിവ.




"നമ്മുടെ ലോകത്തിന്റെ പരിവർത്തനം സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള 2030 അജണ്ട" എന്നതാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഔദ്യോഗികനാമം. ഈ അജണ്ട പ്രകാരം 17 ലക്ഷ്യങ്ങളും 169 ഉപലക്ഷ്യങ്ങളും 300 പരം സൂചകങ്ങളും ഐക്യരാഷ്ട്രസഭയുടെ അംഗ രാജ്യങ്ങൾ 2030 ഓടുകൂടി കൈവരിക്കേണ്ടതാണ്.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ അഞ്ച് ബൃഹത്തായ പരിപ്രേക്ഷ്യത്തിൽ ഊന്നിയുള്ളവയാണ്. **ഇത് 5 പി എന്നറിയപ്പെടുന്നു.**



സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളുടെ ഊന്നൽ എല്ലാത്തരം അസമത്വങ്ങളെയും ഇല്ലായ്മകളെയും 2015നകം കുറച്ചു കൊണ്ടുവരിക എന്നതായിരുന്നെങ്കിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ അത്തരം അസമത്വങ്ങളെയും ഇല്ലായ്മകളെയും 2030 നുള്ളിൽ ഉന്മൂലനം ചെയ്യുക എന്നതിൽ ഊന്നുന്നു.

ഈ ലക്ഷ്യപ്രഖ്യാപനങ്ങളിൽ ഒപ്പുവച്ച രാജ്യമെന്ന നിലയിൽ ഇവ നേടിയെടുക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. SDG യിലെ പുരോഗതി വിലയിരുത്തിയാണ് ലോകത്ത് ഓരോ രാജ്യങ്ങളുടെയും വികസന നിലവാരം നിർണ്ണയിക്കുന്നത്. നീതി ആയോഗ് പ്രസിദ്ധീകരിച്ച ഒടുവിലത്തെ റാങ്കിങ്ങിൽ കേരളം ഇൻഡ്യയിൽ ഒന്നാമതാണ്– സ്കോർ 75/100 പോയന്റ്.

അദ്ധ്യായം 2

# സാമൂഹ്യസുരക്ഷിത തദ്ദേശഭരണം – ആമുഖം

## ആമുഖം

ജീവിത ക്ലേശങ്ങൾ അനുഭവിക്കുന്ന വ്യക്തികളുടേയും ജനവിഭാഗങ്ങളുടേയും ജീവിത നിലവാരവും, ക്ഷേമജീവിതവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നിർവ്വിഘ്നം ഉറപ്പാക്കുകയാണ് സാമൂഹിക സുരക്ഷിത തദ്ദേശഭരണത്തിന്റെ ലക്ഷ്യം. ഇതാകട്ടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന കർത്തൃവ്യങ്ങളിൽ ഒന്നാണ്. അക്രമത്തിനും അടിച്ചമർത്തലിനും വിധേയരാകുന്ന ജനങ്ങൾക്ക് –വയോധികർ, ഭിന്നശേഷിക്കാർ, അസംഘടിത തൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, കുടിയേറ്റക്കാർ, അഭയാർത്ഥികൾ, അഗതികൾ, ട്രാൻസ്ജെന്റർ സമൂഹം എന്നിവർക്ക് മുൻഗണനാടിസ്ഥാനത്തിൽ സാമൂഹിക സുരക്ഷ ആവശ്യമാണ്. സാമൂഹികമായി സുരക്ഷിതമായ തദ്ദേശഭരണം ഉറപ്പാക്കുന്നതിൽ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് അതിപ്രധാനമായ പങ്കുണ്ട്. ഓരോ ദുർബ്ബല വിഭാഗങ്ങൾക്കും തനതായ അവകാശങ്ങളും പ്രശ്നങ്ങളും ഉണ്ട്. ഈ അവകാശങ്ങൾ തിരിച്ചറിഞ്ഞ് ഉറപ്പാക്കുകയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണലുമാണ് വേണ്ടത്. ഉദാഹരണമായി പറഞ്ഞാൽ വയോജനങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതി – പട്ടിക വർഗ വിഭാഗങ്ങൾ, ട്രാൻസ്ജെന്റർ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങൾ പൊതുവേ ചർച്ച ചെയ്യപ്പെടുന്നവയാണ്. അവകാശങ്ങൾ പ്രഖ്യാപിക്കാൻ ഇടയായതുതന്നെ അതുമായി ബന്ധപ്പെട്ട നിഷേധങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ തുടർച്ചയായി സംഭവിക്കുന്നതുമൂലമാണ്. ദാരിദ്ര്യം, അക്രമം, ചൂഷണം, വിവേചനം, തീവ്രരോഗബാധ തുടങ്ങിയവ എല്ലാ വിഭാഗങ്ങളേയും ബാധിക്കുന്ന, ജീവിതം ക്ലേശകരമാക്കുന്ന എല്ലാതരം വസ്തുതകളും സുസ്ഥിര വികസന സൂചക ങ്ങളിൽ നമ്മുക്ക് കാണാം. അതുകൊണ്ട് തന്നെയാണ് ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിർദ്ദിഷ്ട സൂചകങ്ങൾ ഉപയോഗിക്കുന്നത്.

## വികസന സമീപനം

വികസന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ബന്ധപ്പെട്ട വികസന മേഖലയിലെ പോരായ്മകൾ കണ്ടെത്തി വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക ശ്രദ്ധ നൽകണം. ഇവിടെ സ്വീകരിക്കുന്ന വികസന സൂചകങ്ങളെ സുസ്ഥിര വികസന സൂചകങ്ങളുമായി താരതമ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും വേണം. ഇതിനുവേണ്ടി ശേഖരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായകരമാകുന്ന

സമീപനം പരമപ്രധാനമാണ്. 2030 ൽ ലക്ഷ്യങ്ങൾ പൂർത്തിയാക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 17 അന്താരാഷ്ട്ര ഉദ്ദേശലക്ഷ്യങ്ങളും അന്തർമേഖല സുസ്ഥിര വികസന ലക്ഷ്യ വിഷയക്രമീകരണങ്ങൾ അനുസരിച്ച് വിഷയ മേഖലയുടെ പ്രാദേശിക സൂചക ഫ്രെയിം വർക്കിൽ ഏകദേശം 80 സൂചകങ്ങളാണ് നൽകിയിട്ടുള്ളത്. വിദഗ്ധ ഗ്രൂപ്പിന്റെ സമഗ്രറിപ്പോർട്ടിൽ ഇത് നൽകിയിരിക്കുന്നു. പ്രാദേശിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്തുകൾക്ക് കൂടുതൽ സൂചകങ്ങൾ കൂട്ടിച്ചേർത്ത് ഇത് പരിഷ്ക്കരിക്കാനാകും. ഈ സൂചകങ്ങൾ വ്യത്യസ്ഥ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നിന്ന് തിരഞ്ഞെടുത്തവയാണ്. സാമൂഹികമായി സുരക്ഷിതമായ തദ്ദേശഭരണ സ്ഥാപനം എന്ന പദവി കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 10 മേഖലയുള്ള ലക്ഷ്യങ്ങളെങ്കിലും ഉണ്ടായിരിക്കുന്നത് അഭികാമ്യം. പരിശീലന വേളയിൽ ഓരോ ലക്ഷ്യവുമായി ബന്ധപ്പെട്ട സൂചകങ്ങളും ചർച്ച ചെയ്യാവുന്നതാണ്.

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ സാമൂഹ്യ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട ലോക്കൽ ഇന്റിക്കേറ്റർ ഫ്രെയിമിൽ ആവശ്യപ്പെടുന്ന (ഡാഷ് ബോർഡ്) എല്ലാ സ്ഥിതിവിവരകണക്കുകളും യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രചോദിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുക എന്നുള്ളതാണ് പരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. എന്നാൽ ഇത്തരം കണക്കുകൾ നൽകുന്നത് ഒരു യാന്ത്രിക പ്രക്രിയ വഴിയാകുന്നതുകൊണ്ട് ഒരു പ്രയോജനവും ലഭിക്കില്ലെന്ന് മാത്രമല്ല ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിന് സാധ്യമാകണമെന്നുമില്ല. ഈ സാഹചര്യത്തിലാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളെ വികസന വിഷയങ്ങളായി സമീപിക്കുന്നതിന് തീരുമാനിക്കുന്നത്. വികസന സൂചകങ്ങളെ താഴെപറയുന്ന 10 വിഷയാധിഷ്ഠിത മേഖലകളായി തരംതിരിച്ച് നിരന്തര അവസ്ഥാ പഠനവും കുറവുകൾ തിട്ടപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന വിധത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്.

## സുസ്ഥിരവികസന ലക്ഷ്യ വിഷയാധിഷ്ഠിത മേഖലകൾ

1. ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവന മാർഗമുള്ളതുമായ ഗ്രാമം
2. ആരോഗ്യ ഗ്രാമം/നഗരം
3. പഠനസൗകര്യ സ്വയംപര്യാപ്ത തദ്ദേശഭരണം
4. ബാലസൗഹൃദ ഗ്രാമം/നഗരം
5. ജലസമൃദ്ധ ഗ്രാമം/നഗരം
6. ശുചിത്വവും ഹരിതാഭവുമായ ഗ്രാമം/നഗരം
7. സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഗ്രാമം/നഗരം
8. സാമൂഹ്യസുരക്ഷിത ഗ്രാമം/നഗരം
9. സദ്ഭരണം
10. ലിംഗസമത്വ വികസനം

സാമൂഹ്യസുരക്ഷിത ഗ്രാമം/നഗരവുമായി ബന്ധപ്പെട്ട സൂചകങ്ങളുടെ പട്ടിക പ്രത്യേകം നൽകിയട്ടുള്ളത് ശ്രദ്ധിക്കുക. നിർദ്ദിഷ്ട സൂചകങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന സൂചകം പ്രസ്തുത സൂചകത്തിന്റെ നിലവിലെ അവസ്ഥ, ഉദ്ദേശിച്ച നിലയിൽ എത്തിയിട്ടില്ലെങ്കിൽ എത്രമാത്രം കുറവാണ്, പരഹരിക്കാൻ സ്വീകരിക്കുന്ന

നടപടികൾ തുടങ്ങിയവ നിർദ്ദിഷ്ട ഘട്ടങ്ങളിൽ പരിശോധിച്ച് മോണിട്ടർ ചെയ്യുക വഴി സാമൂഹ്യസുരക്ഷിത ഭരണം സുസ്ഥിരമായി പ്രയോഗത്തിൽ എത്തും എന്നാണ് പ്രതീക്ഷ. കേവലം കണക്കുകളുടെ ശേഖരണവും പരിശോധനയുമല്ല മറിച്ച് എല്ലാവരുടേയും സാമൂഹ്യ സുരക്ഷ ഉറപ്പാക്കപ്പെടുകയാണ് ലക്ഷ്യം.

## സാമൂഹ്യനീതിയും തദ്ദേശഭരണ സ്ഥാപനങ്ങളും

ഇന്ത്യൻ ഭരണഘടന എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും വ്യക്തിയുടെ അന്തസ്സ് ഉയർത്തുന്നതിനാവശ്യമായ സ്വാതന്ത്ര്യവും തുല്യതയും അവസരങ്ങളും സ്ഥിതിസമത്വവും സാഹോദര്യവും ഉയർത്തികൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇത് പ്രയോഗത്തിൽ വരുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ വ്യത്യസ്തങ്ങളായ ഗ്രാമീണ വികസന പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നിരവധി പരിപാടികൾ ഉണ്ടായിട്ടുണ്ട്. അമ്മമാരുടേയും ശിശുക്കളുടേയും ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ, പട്ടികജാതി, പട്ടികവർഗ വികസന പരിപാടികൾ തുടങ്ങിയവയിലൂടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായിരുന്നു ഈ രംഗത്തെ ഊന്നൽ. ദാരിദ്ര്യലഘൂകരണം, പൊതുജനാരോഗ്യം എന്നിവക്ക് വിപുലമായ പദ്ധതികൾ ഉണ്ടായിരുന്നു. 1990 വരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ മനുഷ്യ വികസന സൂചികകളെ അടിസ്ഥാനമാക്കിയുള്ള വേറിട്ടൊരു വികസന പരിപ്രേഷ്യത്തിന് തുടക്കം കുറിച്ചു. 1992 ലെ 72,73 ഭരണഘടനാ ഭേദഗതികളിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സാമൂഹ്യമാറ്റത്തിന്റെ വക്താക്കളായി മാറേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്തു.

ജനനം മുതൽ മരണം വരെയുള്ള ജീവിത കാലയളവിലെ ഓരോ ഘട്ടങ്ങളിലും പിൻതുണ ആവശ്യമുള്ള മുഴുവൻ പേർക്കും ക്ഷേമം ഉറപ്പാക്കത്തക്കവിധമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സുഭദ്രമായ സാമൂഹ്യനീതിയാണ് കേരള സംസ്ഥാനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന്.

1994 ലെ കേരള പഞ്ചായത്ത്-നഗരസഭ നിയമങ്ങൾ സാമൂഹ്യനീതി വിഷയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലകളിൽ ഉൾപ്പെടുത്തി. തദ്ദേശഭരണ സ്ഥാപനങ്ങൾ കേവലമായ പശ്ചാത്തല സാമ്പത്തിക വികസനം എന്നതിൽ നിന്നും വ്യത്യസ്ഥമായി ഇതുവഴി സാമൂഹ്യനീതി വികസനത്തിന്റെ മുഖ്യ വക്താക്കളായി പരിണമിക്കുകയാണ്. കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ വിഭാഗ ജനങ്ങൾ എന്നിവരുടെ സർവ്വതോമുഖ വികാസവും അഗതിപുനരധിവാസം, സാന്ത്വന പരിചരണം, പോഷണാരോഗ്യം, അതിഥി തൊഴിലാളി ക്ഷേമം തുടങ്ങിയ രംഗങ്ങളിലും ജനം ഉറ്റുനോക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളേയാണ്. ഈ ചുമതല വിജയപൂർവ്വം ഏറ്റെടുക്കുന്നതിനാവശ്യമായ അറിവും ആഭിമുഖ്യവും സൃഷ്ടിക്കുക എന്നതാണ് ഈ വിഷയ സംഗ്രഹംകൊണ്ട് പ്രതീക്ഷിക്കുന്നത്.

ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും സുരക്ഷിതത്തോടൊപ്പം സംതൃപ്തികരമായ സാമൂഹ്യജീവിതവും സാമ്പത്തിക ഉന്നമനവും ഉറപ്പുവരുത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിപ്രധാന പങ്ക് വഹിക്കാനുണ്ട്. പ്രാദേശിക സർക്കാർ എന്ന നിലയിൽ നൽകപ്പെട്ട വർദ്ധിച്ച വിഭവങ്ങളും അധികാരങ്ങളും ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ പ്രദേശത്തെ വികസനവും ജനങ്ങളുടെ അവകാശങ്ങളും ഉറപ്പുവരുത്താനുള്ള

ച്ചമതലകൾ ഏറ്റെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ശാക്തീകരണത്തിന്റേയും അവകാശാധിഷ്ഠിത സമീപനത്തിന്റേയും കാഴ്ചപാടിലൂന്നി എങ്ങിനെ സാമൂഹ്യനീതി ഉറപ്പാക്കാൻ സാധിക്കും എന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും തെളിയിച്ചുകഴിഞ്ഞു. സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കേരളം നൽകിയ ഊന്നലാണ് മാനവ വികസന സൂചികയിൽ നാം മുൻനിലയിലേക്കുയരുവാൻ അവസരമൊരുക്കിയത്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് ശ്രദ്ധേയമാണ്.

പൊതുസമൂഹത്തിന്റേയും, പട്ടികജാതി, പട്ടികവർഗക്കാർ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടേയും ജീവിതപ്രശ്നങ്ങളും ഇല്ലായ്മകളും മനസ്സിലാക്കി ഇടപെടൽ തന്ത്രം രൂപീകരിക്കുകയാണ് പ്രധാനം. ഇതിനായി തദ്ദേശഭരണ സ്ഥാപനതല മാനവവികസന സൂചികകൾ ക്രമപ്പെടുത്തേണ്ടതുണ്ട്. തൊഴിൽ പങ്കാളിത്തം, സാക്ഷരതാ നിരക്ക്, ശൗചാലയങ്ങൾ, കുടിവെള്ളം, വീട്, സ്വത്തിന്റെ ലഭ്യയും, ഉടമസ്ഥതയും, ആയുർദൈർഘ്യം, ശിശു മാതൃ മരണനിരക്ക്, പഞ്ചായത്തുതല ആളോഹരി വരുമാനം, ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം, പോഷണനിലവാരം മുതലായ ഘടകങ്ങളാണ് പഞ്ചായത്തുതല മാനവവികസന നിലവാരം അളക്കാൻ പ്രധാനമായും ഉപയോഗിക്കാവുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ തന്നെയുള്ള വിവിധ മേഖലകളുടെ താരതമ്യ വികസന നിലവാരവും തിരിച്ചറിയാൻ സാധിക്കും.

## വിഷയമേഖലാ കാഴ്ചപാട്, നയസമീപനം, തന്ത്രം

ഓരോ വിഷയമേഖലയുടേയും നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് അതിൽ നിന്നും ജനത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാമെന്ന് നിർണയിക്കുകയും അതിൽ ആദ്യം പരിഗണിക്കേണ്ടത് ഏതെന്ന് കണ്ടെത്തുകയും ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയമേഖലയുടേയും ദീർഘകാല, ഹ്രസ്വകാല ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വികസന കാഴ്ചപ്പാടും, നയസമീപനവും നിർണ്ണയിക്കുകയും അവ നേടുന്നതിനാവശ്യമായ തന്ത്രങ്ങൾ തീരുമാനിക്കുകയും പ്രധാനമാണ്. ഓരോ പ്രവർത്തനവും സൂക്ഷ്മതലത്തിൽ നൂറ് ശതമാനവും വിജയകരമാക്കുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ ആസൂത്രിത നീക്കമാണ് വേണ്ടത്. ഉദാഹരണമായി ആവശ്യമുള്ള എല്ലാവർക്കും പൂരകപോഷകാഹാരം ലഭ്യമാക്കുകയും ഇതോടൊപ്പം മുഴുവൻ ഗുണഭോക്താക്കളുടേയും പോഷകാഹാര നിലവാരം ഉയരുകയും ചെയ്യുമ്പോഴാണ് പൂരകപോഷകാഹാര വിതരണം എന്ന പരിപാടി വിജയിക്കുന്നത്.

വികസന ലക്ഷ്യങ്ങളും, തന്ത്രങ്ങളും ആവിഷ്ക്കരിക്കുന്നതിനു മുമ്പ് ഓരോ മേഖലയിലേയും നിലനിൽക്കുന്ന വെല്ലുവിളികൾ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കണം. ഓരോ മേഖലയുടേയും അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചും വിശകലനം ചെയ്തും മാത്രമേ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹാരത്തിനായുള്ള ലക്ഷ്യങ്ങൾ നിർണ്ണയിക്കാനും കഴിയൂ. ഇവിടെയാണ് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകളുടേയും വിവരശേഖരണത്തിന്റേയും സ്പെഷൽ ഗ്രാമസഭ സംഘാടനത്തിന്റേയും പ്രസക്തി. ഈ വിവരശേഖരത്തിൽ നിന്നും ശാസ്ത്രീയ വിശകലനം വഴി വികസന ലക്ഷ്യങ്ങളും തന്ത്രങ്ങളും ആവിഷ്ക്കരിക്കാൻ കഴിയും. ഒപ്പം തന്നെ പ്രശ്നപരിഹാരത്തിനുള്ള എല്ലാ സാധ്യതകളും പരിശോധിക്കുകയും വേണം.

## പ്രാദേശിക പരിപാടികൾ രൂപപ്പെടുത്തുന്നതിനുള്ള രീതി

1. സ്ഥിതി വിവര കണക്കുകളുടെ ശേഖരണവും അപഗ്രഥനവും
2. വികസന സൂചിക നിർണ്ണയിക്കുക
3. പ്രശ്നങ്ങൾ കണ്ടെത്തുക
4. പ്രശ്നങ്ങളുടെ ലഘുഗുരുത്വം നിർണ്ണയിക്കുക
5. വെല്ലുവിളികളും സാധ്യതകളും പരിശോധിക്കുക
6. പ്രശ്നപരിഹാരത്തിനുള്ള ലക്ഷ്യങ്ങൾ നിർണ്ണയിക്കുക

സാമൂഹ്യനീതി പ്രാവർത്തികമാക്കുന്നതിന് ഏറ്റവും സാധ്യതയുള്ള തലമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. പൗരരുടെ സാമൂഹികാവസ്ഥ, സാമ്പത്തിക പദവി ഇവയൊക്കെ ഏറ്റവും നന്നായി മനസ്സിലാക്കാൻ കഴിയുന്നത് പ്രാദേശിക തലത്തിലാണ്. സമൂഹത്തിന്റെ പൊതുവായ ഏത് നേട്ടങ്ങളുടേയും പുനർവിതരണത്തിൽ, വസ്തുനിഷ്ഠമായ തീരുമാനങ്ങളെടുക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയും അതാകട്ടെ ഏറ്റവും സുതാര്യമായ രീതിയിൽ ചെയ്യാനുള്ള സാധ്യതയും തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ട്. അതുകൊണ്ട് തന്നെ തദ്ദേശസഭരണസ്ഥാപനത്തിന്റ സാമൂഹ്യരംഗത്തെ ഇടപെടലുകൾ മനുഷ്യജീവിതത്തെ കാതലായി ബാധിക്കുന്ന ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

## സാമൂഹ്യ സുരക്ഷയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളിൽ പ്രധാനം ഭക്ഷണവും, ആരോഗ്യ സുരക്ഷയുമാണ്. പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ അവരുടെ അനിവാര്യ ആവശ്യങ്ങളും അവകാശവുമാണ്. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുകയും സാമൂഹ്യമായ ഒറ്റപ്പെടലും, വിവേചനങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളും സമഗ്രമായി ഉറപ്പാക്കപ്പെടുമ്പോഴാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സാമൂഹ്യ സുരക്ഷിതത്വത്തിലേക്ക് നീങ്ങുന്നത്. വരുമാന സുരക്ഷ, പെൻഷൻ ആനുകൂല്യങ്ങൾ, സാംസ്കാരിക സുരക്ഷ എന്നിവയും വളരെ പ്രധാനമാണ്. എല്ലാവിധ അക്രമ സംഭവങ്ങളും ഒഴിവാക്കുന്നതിലുള്ള ശ്രമങ്ങളും ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് പരിരക്ഷകളും ഉറപ്പാക്കപ്പെടുകയും ചെയ്യുന്നത് സ്വസ്ഥതയും സമാധാനവും പുലരുന്ന സാമൂഹിക ക്രമത്തിന് അനിവാര്യമാണ്. സാധാരണക്കാർക്കും ദരിദ്രർക്കും ലഭ്യമാക്കാവുന്ന എല്ലാ സഹായ പദ്ധതികളും സൗജന്യങ്ങളും ലഭ്യമാക്കുന്നതിനും സേവനങ്ങളിൽ ഗുണഭോക്താക്കളാകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളിൽ ഒരു തദ്ദേശഭരണ സ്ഥാപനം എത്രമാത്രം വിജയകരമായി ഇടപെടുന്നുവെന്നതിന്റെ തെളിവുകളാണ് സുസ്ഥിര വികസന ലക്ഷ്യ സൂചകഫലങ്ങൾ നമുക്ക് നൽകുന്നത്. ഇവിടെ ചർച്ച ചെയ്യുന്ന പ്രാദേശിക സൂചിക ഫ്രെയിമിന്റെ ( ഡാഷ്ബോർഡ്) പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണ്.

## സാമൂഹികമായി സുരക്ഷിതമായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിലപാടുകൾ

### സാമൂഹിക ഉൾപ്പെടുത്തൽ

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെ സ്വാതന്ത്ര്യം, വ്യക്തിത്വം, അന്തസ്സ്, ശേഷികൾ, അവസരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് അവ

സമൂഹത്തിൽ പങ്കാളികളാകുന്ന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രക്രിയ.

### സാമൂഹ്യ തുല്യത

- സാമൂഹിക സമത്വം എന്നത് സാമൂഹിക നയത്തിൽ ലഭ്യമാക്കുന്ന എല്ലാ വ്യക്തികൾക്കും, നിഷ്പക്ഷതയും നീതിയും ഉറപ്പാക്കലുമാണ്. ഒരു സമൂഹത്തിലെ എല്ലാവർക്കും തുല്യ അവസരങ്ങളിലേക്കും ഫലങ്ങളിലേക്കും പ്രവേശനം ലഭ്യമാക്കപെടുന്ന ഉറപ്പാക്കാൻ വ്യവസ്ഥാപിതമായ അസമത്വങ്ങൾ നിർമ്മാർജ്ജനം ചെയുന്നു
- ദുർബ്ബലർക്ക് വിഭവവിതരണത്തിൽ പ്രത്യേക മുൻഗണന

### സാമൂഹ്യനീതി

ഭരണഘടനാനുസൃതമായി പാർപ്പിടം, ആരോഗ്യ പരിരക്ഷ, തൊഴിലവസരം, എന്നിവയിൽ നീതി പുലർത്തുന്നത് ഉൾപ്പടെ തുല്യ സാമ്പത്തിക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ അവസരങ്ങൾ ഉറപ്പാക്കുന്ന കാഴ്ചപ്പാടാണ്.

### സാമൂഹിക ഇടപെടലും പങ്കാളിത്തവും

സാമൂഹിക പ്രശ്നത്തിൽ എല്ലാ പൗരർക്കും ഇടപെടുന്നതിനും അവയ്ക്കുള്ള പരിഹാരശ്രമങ്ങളിൽ തീരുമാനം എടുക്കുന്നതിനുള്ള അവകാശമാണ് പങ്കാളിത്തം. സമഗ്ര സംരക്ഷണം മേൽ പറഞ്ഞ 4 താത്വിക നിലപാടുകൾ സ്വീകരിച്ച് ഉറപ്പാക്കുകയാണ് ഉദ്ദേശം

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൂല്യബോധം

പാവപ്പെട്ടവരും ദുർബ്ബലരും സുരക്ഷിതമാകുന്നതിന് ഭരണം മൂല്യാധിഷ്ഠിതമായിരിക്കണം. ഇവ ഏതെല്ലാമെന്ന് പരിശോധിക്കാം

### ദരിദ്രപക്ഷപാതിത്വം

ഇന്ത്യൻ ഭരണഘടന വിവേചനങ്ങൾ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുള്ളപ്പോഴും സമൂഹത്തിൽ പ്രയാസമനുഭവിക്കുന്ന സ്ത്രീകളുടേയും ദരിദ്രരുടേയും കാര്യങ്ങളിൽ അനുകൂല വിവേചനങ്ങൾ ആകാമെന്ന് ( പോസിറ്റീവ് ഡിസ്ക്രിമിനേഷൻ) എടുത്തുപറഞ്ഞിട്ടുണ്ട്. ഗ്രാമീണജനതയുടെ ഭരണകൂടം എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂരിപക്ഷത്തിന്റെ ആവശ്യഅവകാശങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ ജനാധിപത്യവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുമ്പോൾ ബഹുഭൂരിപക്ഷത്തിന് അനുകൂലമായ തീരുമാനമായിരിക്കും പൊതുവേ ഉണ്ടാവുക. ഈ സാഹചര്യം ബോധ്യപ്പെട്ട് ദരിദ്രരിൽ ദരിദ്രരായവരുടെ പ്രശ്നങ്ങളും സാമൂഹ്യമായി പിന്നാമ്പുറങ്ങളിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾക്കും മുൻഗണന നൽകി അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് പ്രാദേശിക സർക്കാരുകളുടെ സുപ്രധാന മൂല്യബോധം.

### ജനപങ്കാളിത്തം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന സവിശേഷത അവയുടെ ജനബന്ധമാണ്. ജനങ്ങളോട് കൂടുതൽ സാമീപ്യമുള്ള ഭരണകൂടമെന്ന നിലയിൽ അവർക്കായുള്ള വികസന ചർച്ചയിലും പരിഹാരങ്ങൾ രൂപപ്പെടുത്തുന്നതിലും പദ്ധതികൾ നിർവ്വഹിക്കുന്നതിലുമൊക്കെ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ബാധ്യസ്ഥത തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഇതാണ് ജനകേന്ദ്രീകൃത ആസൂത്രണം.

### സുതാര്യത

തദ്ദേശസ്ഥാപനങ്ങളിൽ ജനങ്ങൾക്ക് ഉയർന്ന വിശ്വാസമുണ്ടാകാൻ ഒരു കാരണം അതിന്റെ പ്രവർത്തനങ്ങളിലെ സുതാര്യതയാണ്. തങ്ങൾക്ക് ഏറ്റവും അടുത്തുള്ള അധികാര സ്ഥാപനമെന്ന നിലയിൽ തങ്ങളുടെ പ്രതിനിധികൾക്ക് പങ്കാളിത്തമുള്ള ഭരണകൂടമെന്ന നിലയിൽ ജനങ്ങൾക്ക് നേരിട്ട് കാര്യങ്ങൾ പരിശോധിക്കാനും, തിരുത്തുവാനുമൊക്കെയുള്ള സാധ്യതകൾ ഇവിടെ വളരെയേറെയാണ്. സദ്ഭരണത്തിന്റെ ചട്ടക്കൂട്തന്നെ സുതാര്യതയിലാണ് നിലനിൽക്കുന്നത്.

### ലിംഗനീതി

സമൂഹത്തിലെ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള വിഭാഗമാണെന്നിരുന്നാലും ജനനം മുതൽ മരണം വരെ എല്ലാ രംഗങ്ങളിലും സാമൂഹ്യ വിവേചനങ്ങൾക്ക് വിധേയമായി വരുന്ന വിഭാഗമാണ് സ്ത്രീകൾ. തുല്യനീതിയും അവകാശങ്ങളും പ്രഖ്യാപിക്കപ്പെടുമ്പോഴും സാമ്പത്തിക സാമൂഹിക ലിംഗനീതി രംഗങ്ങളിൽ ഇന്നും ഈ തുല്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട്തന്നെ സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിന് എല്ലാ മേഖലകളിലും പ്രത്യേക പരിഗണന നൽകുക എന്നത് പ്രാദേശിക സർക്കാരുകളുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്.

### ജനാധിപത്യക്രമം

ജനാധിപത്യത്തിലെ അടിസ്ഥാനഘടങ്ങളായ ഗ്രാമസഭകളും, വാർഡ്സഭകളും, ജനകീയ വേദികളും  എല്ലാം ജനാധിപത്യ വ്യവസ്ഥിതിയുടെ അടിത്തറയിലാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ ഗ്രാമസഭകളിലെ ജനാധിപത്യപരമായ നടപടിക്രമങ്ങൾ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന് ശക്തിപകരുക തന്നെചെയ്യും. അതുകൊണ്ട് തന്നെയാണ് പ്രാദേശിക വികസന പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള അവകാശം ഗ്രാമസഭകളിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.

### സാമൂഹിക നീതി

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പദവി എല്ലാ രംഗത്തും ഉയർത്തുക എന്നതാണ് സാമൂഹിക നീതി  ലക്ഷ്യമാക്കുന്നത്. ഭരണഘടനാപരമായി സാമ്പത്തിക രാഷ്ട്രീയ നീതി എല്ലാ ജനവിഭാഗങ്ങൾക്കും തല്യമായി എത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പാർശ്വവൽകൃത വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലകളിൽ ഒന്ന്.

അദ്ധ്യായം 3

# സാമൂഹ്യ അപായാവസ്ഥ – നിർണ്ണയം

## സാമൂഹിക അപായാവസ്ഥയിലേക്ക് അകപ്പെടാവുന്നവരെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് (വൾണറബിലിറ്റി മാപ്പിംഗ്)

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സമൂഹത്തിൽ ഏതെല്ലാം തരത്തിൽ ഏതെല്ലാം മേഖലയിൽ നടക്കുന്നുവെന്ന് കണ്ടെത്തുന്നതിന് വേണ്ടിയും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയും നടത്തുന്ന ഒരു പഠന രീതിയാണിത്. കേവലം അതിക്രങ്ങൾക്ക് വിധേയമായവരെ കണ്ടെത്തുകയല്ല അതിക്രമങ്ങൾക്ക് സാധ്യതയുള്ളവരെ കണ്ടെത്തുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികളെ മാത്രമല്ല വയോജനങ്ങൾ, ഭിന്നശേഷിക്കാർ, സ്ത്രീകൾ, ട്രാൻസ്ജെന്റർ തുടങ്ങി പല വിഭാഗങ്ങളിലും അതിക്രമങ്ങൾക്ക് വിധേയരാകാവുന്നവർ ഉണ്ട്. ഇവ നേരത്തെ കണ്ടെത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല. വളരെ ക്ലേശകരമായ ജീവിത സാഹചര്യങ്ങളിൽ കഴിയുന്നവർ, ഒറ്റപ്പെട്ടവർ, പരാശ്രിതർ എന്നിങ്ങനെയുള്ള വിഭാഗങ്ങൾ സമൂഹത്തിൽ ഉണ്ട്. ഒരു പഠനം കൂടാതെ തന്നെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു തദ്ദേശസ്ഥാപനത്തിൽ ഏതെല്ലാം മേഖലകളിൽ ഏതെല്ലാം വിഭാഗങ്ങൾ ഇത്തരത്തിലുണ്ടെന്ന് ഏകദേശം കണക്കുകൂട്ടാനാകും. എന്നാൽ ഈ ധാരണകൾക്കുപരി ഒരു പഠനം തന്നെ ആവശ്യമാണ്. ഇപ്രകാരം വസ്തുനിഷ്ഠമായ സാഹചര്യ പഠനത്തിന്റെ വെളിച്ചത്തിൽ അവരെ ഈ സാഹചര്യത്തിൽ നിന്നും വിമുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാം എന്നതാണ് ഇവിടെ ചർച്ചാ വിഷയം.

## സാമൂഹിക ദുർബ്ബലത

മനുഷ്യന്റെ ആരോഗ്യകരമായ ജീവിതം ദുഷ്കരമാക്കുന്ന ബാഹ്യ സമ്മർദ്ദങ്ങൾ എത്രത്തോളം തീവ്രമാണ് എന്ന് വിവരിക്കുന്ന സാഹചര്യമാണ് സാമൂഹിക ദുർബലത. ഈ സമ്മർദങ്ങൾ പ്രകൃതിദത്തമോ മനുഷ്യൻ സൃഷ്ടിക്കുന്നതോ ആയ ദുരന്തങ്ങൾ മുതൽ രോഗം പൊട്ടിപ്പുറപ്പെടുന്നത് വരെയാകാം. മനുഷ്യരുടെ കഷ്ടപ്പാടുകളും സാമ്പത്തിക പരാധീനതകളും കുറക്കുന്നതിലൂടെ നമുക്ക് വ്യക്തികളുടേയും, വിഭാഗങ്ങളുടേയും സാമൂഹ്യ ദുർബ്ബലത ലഘൂകരിക്കാനാകും.

## ദുർബലതയ്ക്ക് കാരണമാകുന്ന ഘടകങ്ങൾ

- ആരോഗ്യ ഘടകങ്ങൾ
- ഭൗതിക/അടിസ്ഥാന സൗകര്യ ഘടകങ്ങൾ, അനിയന്ത്രിതമായ ഭൂവിനിയോഗ ആസൂത്രണം,. ഉദാ. മോശം രൂപകൽപ്പനയും കെട്ടിട നിർമ്മാണവും
- സാമൂഹിക ഘടകങ്ങൾ
- സാമ്പത്തിക ഘടകങ്ങൾ
- പാരിസ്ഥിതിക ഘടകങ്ങൾ

## വൾണറബിലിറ്റി മാപ്പിംഗിന്റെ ഉദ്ദേശ്യം

വൾണറബിലിറ്റി മാപ്പിംഗ്– എളുപ്പം അപായാവസ്ഥയിലേക്ക് അകപ്പെടാവുന്ന ദുർബലരായ വ്യക്തികളെയും വിഭാഗങ്ങളെയും തിരിച്ചറിയുന്നതിനും അവർക്ക് സാമൂഹിക സംരക്ഷണം നൽകുന്നതിനും വേണ്ടി നടത്തപ്പെടുന്ന കണക്കെടുപ്പാണ് മാപ്പിംഗ്. ഏതെല്ലാം ജീവിത സാഹചര്യങ്ങളാണ് അപായാവസ്ഥയിലേക്ക് നയിക്കുന്നത് എന്ന് തിട്ടപ്പെടുത്തി ഈ അവസ്ഥയിലുള്ളവരുടെ പട്ടിക തയ്യാറാക്കലാണ് ആദ്യപടി.

## വൾണറബിലിറ്റി കണ്ടെത്തുന്നതിനുള്ള ഉപാധികൾ

### 1. പങ്കാളിത്ത ഗ്രാമീണ പ്രശ്നാപഗ്രഥനം (Participatory Rural Appraisal)

പങ്കാളിത്ത ഗ്രാമീണ പ്രശ്നാപഗ്രഥന രീതിയായിട്ടാണ്, പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസൽ അഥവ പിആർഎ രീതി അവലംഭിക്കുന്നത്. കേവലം വിവരണാത്മക അവതരണങ്ങൾക്ക് പകരം ഏത് വിഭാഗം ജനങ്ങൾക്കും ഭാഷേതര രീതിയിൽ പോലും തങ്ങളുടെ അവസ്ഥ വിവരിക്കാൻ ഈ രീതി സഹായിക്കുന്നു. ആദ്യഘട്ടങ്ങളിൽ പ്രാദേശിക കാലാവസ്ഥ പ്രത്യേകതകൾ, കാർഷിക കലണ്ടറുകൾ, ജല സ്രോതസ്സുകൾ തുടങ്ങിയവ തിട്ടപ്പെടുത്തുന്നതിന് ട്രാൻസെക്ട് വാക്ക് എന്ന രീതി അവലംബിക്കുകയാണ് ഉണ്ടായത്. ഇതോടൊപ്പം വിവിധ സേവനങ്ങളും സൗകര്യങ്ങളും എത്രമാത്രം പ്രാപ്യമാണ് അനുയോജ്യമാണ് എന്ന് തിട്ടപ്പെടുത്തുന്നതിന് വെൻ ഡയഗ്രം (Venn diagram) ഉപയോഗിച്ചിരുന്നു. സോഷ്യൽ മാപ്പിംഗ് അഥവ ആവാസ കേന്ദ്രീകരണം, യാത്രാസൗകര്യങ്ങൾ തുടങ്ങിയവ തിട്ടപ്പെടുത്തുന്നതിനും പിആർഎ രീതി തന്നെയാണ് അവംലംബിച്ചിരുന്നത്. ഉദ്യോഗസ്ഥതലത്തിൽ ഏതെങ്കിലും സേവനങ്ങളുടെ നിലവാരവും അവസ്ഥാവിശകലനവും നടത്തുന്നതിന് പിഎൽഎ (Participatory Learning for Action) രീതിയും ഉപയോഗിക്കാറുണ്ട്.

### 2. ഗാർഹിക വിവര ശേഖരണവും ദ്വിതീയ ഡാറ്റ സമാഹരണവും

സെൻസസ് രീതി അവംലംബിച്ച് കൃത്യമായ ചോദ്യാവലി തയ്യാറാക്കി ഗാർഹീക വിവരശേഖരം അഥവ വ്യക്തിഗത വിവരശേഖരം ഉണ്ടാക്കാറുണ്ട്. അതിദാരിദ്ര്യ ലഘൂകരണം പട്ടികവർഗ പുനരധിവാസം തുടങ്ങിയ രംഗങ്ങളിലെ മൈക്രോപ്ലാനിംഗ് നടത്തുന്നതിന് ഈ രീതി അവംലംബിക്കുന്നു. വകുപ്പുതല രേഖകൾ ശേഖരിച്ചും പ്ലാനിംഗ് ബോർഡ് കണക്കുകൾ പരിശോധിച്ചും തയ്യാറാക്കുന്ന ചെലവ് കുറഞ്ഞ രീതിയാണ്

ദ്വിതീയ വിവരശേഖരണം. ദ്വിതീയ വിവരങ്ങൾ ചുമതലപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ശേഖരിക്കുകയാണ് പതിവ്.

### 3. പ്രശ്നകേന്ദ്രീകൃത ചർച്ച (Focus Group Discussion)

വളരെ പ്രധാനപ്പെട്ട പ്രാദേശിക പൊതു പ്രശ്നങ്ങളിൽ കൃത്യമായ വിലയിരുത്തൽ നടത്തുന്നതിനും ജനങ്ങളിൽ നിന്ന് പരിഹാരം സമാഹരിക്കുന്നതിനും പ്രധാനമായും സ്വീകരിക്കുന്ന മാർഗങ്ങളിൽ ഒന്നാണ്. ഗുരുതരമായ ഒരു പ്രശ്നത്തിൽ ഇതുമായി ബന്ധപ്പെട്ടവരിൽ നിന്നും വളരെ സൂക്ഷ്മമായ വിവരങ്ങൾ ചർച്ച വഴി ശേഖരിക്കുക യാണ് രീതി.

### ഗ്രാമസഭയും പ്രത്യേക ഗ്രാമസഭയും

ഫോക്കസ്സ് ഗ്രൂപ്പ് ഡിസ്കഷനു സമാനമായി സാമൂഹ്യ പ്രശ്നങ്ങളിൽ ഗുണാത്മകമായ രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

### ദുർബ്ബലരായ ഗ്രൂപ്പുകളുടെ മാപ്പിംഗ് - ശ്രദ്ധിക്കേണ്ട ഘടകങ്ങൾ

നേരത്തെ സൂചിപ്പിച്ച വൾണറബിലിറ്റി മാപ്പിംഗിൽ പ്രധാനപ്പെട്ട ദുർബ്ബല വിഭാഗങ്ങൾ ഏതെല്ലാമെന്ന് തിട്ടപ്പെടുത്താമെന്നത് സംബന്ധിച്ച് ധാരണ നൽകിയിരുന്നു. പ്രസ്തുത ധാരണ വ്യക്തിനിഷ്ഠമായ അറിവുകളെ അടിസ്ഥാനമാക്കിയാണ് പലപ്പോഴും കണ്ടെത്തിയിരുന്നതെങ്കിൽ ശാസ്ത്രീയമായി സാമൂഹികമായി ദുർബലരായ ഗ്രൂപ്പുകളെ വർഗ്ഗീകരിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

- അനാഥത്വം
- അതിദാരിദ്ര്യം
- വാസാവസ്ഥ (കോളനി)
- ഗുരുതരരോഗം, ജയിൽവാസം, കുടുംബഛിദ്രം
- പ്രായമായവർ (> 65), കുട്ടികൾ (<5)
- മദ്യം, മയക്കുമരുന്ന് ദുരുപയോഗം (രണ്ടാം തലമുറ പ്രശ്നം)
- അംഗവൈകല്യം
- അനാരോഗ്യം
- ന്യൂനഭാഷ, സാക്ഷരത, സംസ്കാരിക പ്രശ്നം
- ഏക-രക്ഷാകർതൃ കുടുംബം
- ട്രാൻസ്ജെന്റർ വിഭാഗം
- പാരിസ്ഥിതിക ദുർഘട മേഖലകൾ

### സ്കീം മാപ്പിംഗ്

സുസ്ഥിര വികസന സൂചകങ്ങളെ സമഗ്ര പദ്ധതികളുമായി ബന്ധിപ്പിച്ച് പരിഹാരം കണ്ടെത്തലാണ് പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. ഇപ്രകാരം പദ്ധതികൾ ആവിഷ്ക്കരിക്കു ന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാധ്യത വരുന്ന പ്രോജക്ടുകളും

സാമ്പത്തിക ബാധ്യതകൾ ഇല്ലാതെ നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകളും ഉണ്ട്. ഇത്തരം പ്രോജക്ടുകളെ തദ്ദേശഭരണ സ്ഥാപന പ്രോജക്ടുകൾ സംയോജിത പ്രോജക്ടുകൾ, സംയോജന പ്രോജക്ടുകൾ എന്നിങ്ങനെ തിട്ടപ്പെടുത്താവുന്നതാണ്. ഇതിൽ സംയോജന പ്രോജക്ടുകൾ തിട്ടപ്പെടുത്തുന്നതിന് സൂചകങ്ങളിലെ പ്രശ്നങ്ങളിൽ ഏതെല്ലാം ലഭ്യമായ സ്കീമുകൾ ഉപയോഗിച്ച് പരിഹരിക്കാൻ കഴിയുമെന്ന് കണ്ടെത്തേണ്ടതുണ്ട്. ഇപ്രകാരം പ്രശ്ന പരിഹാരങ്ങൾക്ക് ഉപയോഗിക്കാവുന്ന സ്കീമുകളെ കുറിച്ച് കൃത്യമായ ധാരണ സൃഷ്ടിക്കുന്നതിന് സ്കീം മാപ്പിംഗ് സഹായകരമാണ്. ഗ്രൂപ്പ് വർക്ക് ഫോർമാറ്റ് പൂർത്തിയാക്കുന്നതിൽ നിന്നും ഈ രീതി ബോധ്യപ്പെടുന്നതാണ്.

## സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ക്രമ. നമ്പർ | പദ്ധതികളുടെ പേരുകൾ | ഏത് വിഭാഗത്തിന്റെ ഏത് പ്രശ്നം പരിഹരിക്കുവാൻ ഇതു ഉപയോഗിക്കാമെന്ന് രേഖപ്പെടുത്തുക |
|---|---|---|
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| 2 | ദീനദയാൽ അന്ത്യോദയ യോജന | |
| 3 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NLM) | |
| 4 | പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമം/ നഗരം | |
| 5 | ദേശീയ സാമൂഹ്യ സഹായ പദ്ധതി | |
| 6 | നൈപുണ്യ വികസനത്തിനായുള്ള പദ്ധതി | |
| 7 | പ്രധാനമന്ത്രിയുടെ തൊഴിൽ ഭദ്രതാ പദ്ധതി | |
| 8 | പ്രധാനമന്ത്രി റോസ്ഗാർ പ്രോത്സാഹൻ യോജന | |
| 9 | എംപ്ലോയ്മെൻറ് പ്രമോഷൻ സ്കീം | |
| 10 | പട്ടികജാതി പട്ടിക വർഗ്ഗത്തിനും സാമൂഹിക അപായ അവസ്ഥയിലേക്ക് എളുപ്പം അകപ്പെടുന്ന സമൂഹത്തിനും ആയുള്ള സമഗ്ര പദ്ധതികൾ | |
| 11 | ഭിന്നശേഷിക്കാർക്കായുള്ള സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രസഹായ പദ്ധതി | |

| | | |
|---|---|---|
| 12 | ന്യൂനപക്ഷ വിഭാഗങ്ങളുടെ വികസനത്തിന് സമഗ്ര പദ്ധതി | |
| 13 | പ്രധാനമന്ത്രി ജൻ ധൻ യോജന | |
| 14 | പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന | |
| 15 | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് പ്രത്യേക പദ്ധതി | |
| 16 | പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന | |

### വൾണറബിലിറ്റി ലിസ്റ്റിംഗ് - മാതൃക

| ദുർബലമായ ഗ്രൂപ്പ് | ദുർബലതയിലേക്ക് നയിക്കുന്ന ഘടകങ്ങൾ | പ്രസക്തമായ സ്കീമുകൾ | ബന്ധപ്പെട്ട മന്ത്രാലയങ്ങളും വകുപ്പുകളും സ്ഥാപനങ്ങളും |
|---|---|---|---|
| ഉദാ- തെരുവിൽ അനാഥരായ വർ | • ഭവനരഹിതർ<br>• വരുമാനമില്ലാത്തവർ<br>• രോഗങ്ങൾ<br>• മറ്റുള്ളവ | • PMAY<br>• MGNREGS<br>• LIFE<br>• PALLIATIVE CARE | • മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്പ്മെന്റ്<br>• മിനിസ്ട്രി ഓഫ് പഞ്ചായത്ത് രാജ് |
| | | | |

അദ്ധ്യായം 4

# സാമൂഹിക സുരക്ഷിത തദ്ദേശഭരണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

## പഞ്ചായത്ത് ഇടപെടൽ - പ്രസക്തി

പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ സാമൂഹ്യ സുരക്ഷയുടെ കേന്ദ്ര ബിന്ദുവാണ്. വിവിധ ദേശീയ പരിപാടികൾ നടപ്പിലാക്കാനും, ആസൂത്രണം ചെയ്യാനും ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമുള്ളിടത്തെല്ലാം നിയന്ത്രിക്കാനും സഹായിക്കുക എന്നതാണ് അവരുടെ പങ്ക്. സർക്കാർ ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിലുള്ള അടുത്ത ബന്ധത്തിന് ഇത് സഹായകരമാകും. ഗ്രാമത്തിലെ എല്ലാ വികസന പദ്ധതികളിലും ജനപങ്കാളിത്തം സദ്ഭരണത്തിന്റെ പ്രധാന കണ്ണിയായതിനാൽ ആസൂത്രണ കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയകളിൽ ദുർബലവിഭാഗങ്ങളെ ഉൾപ്പെടുത്തുന്നത് വളരെ പ്രധാനമാണ്. കേന്ദ്ര സംസ്ഥാന നയങ്ങളും പ്രോഗ്രാമുകളും പ്രാദേശിക പ്രതിനിധികൾ മുഖേന വിദൂര പ്രദേശങ്ങളിൽ പോലും അറിയുന്നതിന് സംവിധാനം ഒരുക്കുകവഴി അഴിമതിയും, പക്ഷപാതവും, ചുവപ്പ് നാടയും അവസാനിക്കുന്നതിലേക്ക് നയിക്കപ്പെടും. പല തദ്ദേശസ്ഥാപനങ്ങളും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ചെറുകിട, കുടിൽ വ്യവസായങ്ങളുടെ വളർച്ചയ്ക്കും ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടുതൽ ശാസ്ത്രീയമായ രീതിയിൽ കൃഷി വികസനത്തിന് കർഷകരെയും തൊഴിലാളികളെയും പ്രോത്സാഹിപ്പിച്ചും മറ്റ് അനുബന്ധ മേഖലകൾ ശക്തിപ്പെടുത്തിയും സുരക്ഷിതത്വബോധം സൃഷ്ടിക്കാൻ ഈ ഇടപെടലുകൾ സമൂഹത്തിന് സഹായകമായി.

## ദുർബ്ബല വിഭാഗങ്ങൾ - ആവശ്യമായ പിൻതുണകൾ

| വിഭാഗങ്ങൾ (ഉദാ:) | പിന്തുണയുടെ തരം |
|---|---|
| വിവേചനങ്ങൾ | വിവേചന രഹിത പ്രവർത്തനങ്ങൾ |
| 1. ഭിന്നശേഷിക്കാർ | സഹായങ്ങളും ഉപകരണങ്ങളും |
| 2. വയോജനം | പെൻഷൻ, വയോജന ക്ലബ് |
| 3. ഭവനരഹിതർ | വീട് |
| 4. പട്ടിക ജാതി<br>5. പട്ടിക വർഗ്ഗം | വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ /<br>സാമൂഹികവും സാമ്പത്തികവുമായ പിന്തുണ |

| | |
|---|---|
| 6. തൊഴിൽ രഹിതർ | തൊഴിൽ സൃഷ്ടി |
| 7. അതിദരിദ്രർ | ആശ്രയ/മൈക്രോ പ്ലാൻ |
| 8. അനാരോഗ്യം | സാന്ത്വന പരിചരണം |
| 9. അതിക്രമ വിധേയർ | പരിരക്ഷകൾ |
| 10. പോഷണരാഹിത്യം | പോഷണസുരക്ഷ |

## കമ്മ്യൂണിറ്റി വികസനത്തിനായി വിവിധ ഏജൻസികളുമായി ഒത്തുചേരൽ

അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനം വ്യാപകമാക്കുക, ശാക്തീകരണത്തിലേക്ക് നയിക്കുക. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലും ദരിദ്രരുടെ, പ്രത്യേകിച്ച് എസ്‌സി/എസ്ടി വിഭാഗങ്ങൾ, സ്ത്രീകൾ അതുപോലുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഉപജീവന അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഗണ്യമായ പൊതുനിക്ഷേപം നടത്തുക. ദാരിദ്ര്യ നിർമ്മാർജ്ജന പ്രശ്നം ഫലപ്രദമായി പരിഹരിക്കുന്നതിന്, അന്തർ–മേഖലാ സമീപനങ്ങളിലൂടെയുള്ള ശ്രമങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നീർത്തട പരിപാടികൾ, ദേശീയ കാർഷിക വികസന പദ്ധതി (രാഷ്ട്രീയ കൃഷി വികാസ് യോജന), ദേശീയ ഹോർട്ടികൾച്ചർ മിഷൻ, മഴക്കുഴി വഴി ഭൂഗർഭജലം കൃത്രിമമായി റീചാർജ് ചെയ്യുന്ന പദ്ധതി, BRGF, MREGA എന്നിവ പോലുള്ള വിവിധ പരിപാടികളുടെ സംയോജനം ഗ്രാമീണ മേഖലയിൽ മികച്ച ആസൂത്രണവും ഫലപ്രദമായ ഉത്പാദന പരിപാടികളും സാധ്യമാക്കും. ആസൂത്രണം, പ്രൊജക്ട് നടപ്പാക്കൽ എന്നീ കാര്യങ്ങളിൽ വിവിധ സർക്കാർ പരിപാടികളുടേയും പദ്ധതികളുടേയും സമന്വയം കൊണ്ടു വരുന്നതിലൂടെ സുസ്ഥിര വികസനത്തിന് വഴിയൊരുക്കാൻ കഴിയും. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളുടെ സംയോജനം ദീർഘകാല ആസ്തികൾ സൃഷ്ടിക്കാൻ സഹായിക്കും. ഉദാഹരണത്തിന്, ദേശീയ ധനകാര്യ കമ്മീഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ, സംസ്ഥാന വകുപ്പുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ SGSY, DPAP, DDP, IWDP, BRGF തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ഫണ്ടുകൾ മറ്റ് ഗ്രാമീണ വികസന ഫണ്ടുകളുമായി സംയോജിപ്പിക്കാം. അനുവദനീയമായ പ്രവൃത്തികൾക്ക് കീഴിൽ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ത്വരിതപ്പെടുത്താനാകും.

## സാമൂഹ്യസുരക്ഷിതത്വവുമായി ബന്ധിപ്പിച്ചിട്ടുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങൾ

സാമൂഹ്യ സുരക്ഷിതത്വം ഒരു അന്തർമേഖല സമീപനമാണെന്ന് സൂചിപ്പിച്ചിരുന്നല്ലോ. ഏതെല്ലാം ലക്ഷ്യങ്ങൾ ഇതുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവെന്ന് പരിശോധിക്കാം. SDG 1 – ദാരിദ്ര്യമില്ലായ്മ, SDG 2 – പട്ടിണിരഹിതം, SDG 3 – മികച്ച ആരോഗ്യവും സ്വാസ്ഥ്യവും, SDG 4 – ഗുണമേന്മയുള്ള വിദ്യാഭ്യാസം, SDG 5 – ലിംഗസമത്വം, SDG 6 – ശുദ്ധജല ശുചിത്വം, എന്നതിലെ ലക്ഷ്യങ്ങൾ സാമൂഹ്യമായി സുരക്ഷിതമായ തദ്ദേശഭരണത്തിനായുള്ള സമഗ്ര വിഷയത്തിൽ ഉൾപ്പെടുന്നു. 7. 7 – താങ്ങാനാവുന്നതും പരിസ്ഥിതി സൗഹൃദവുമായ ഊർജം, SDG 8 – മാന്യമായ ജോലിയും സാമ്പത്തിക

വളർച്ചയും, SDG 9 – വ്യവസായം, നൂതനാശയങ്ങളും അടിസ്ഥാന സൗകര്യങ്ങളും, SDG 10 – കുറഞ്ഞ അസമത്വങ്ങൾ, SDG 11 – സുസ്ഥിര നഗരങ്ങളും സമൂഹവും, നീതിന്യായ വ്യവസ്ഥകൾ. SDG 16 – സമാധാനം, നീതി. ഈ മേഖലകളിലെ നിലവിലെ അവസ്ഥ തിട്ടപ്പെടുത്തി കുറവുകൾ കണ്ടെത്തി, പരിഹരിച്ച് സുസ്ഥിരലക്ഷ്യങ്ങൾ കൈവരിക്കാനായാൽ മാനവരാശിയുടെ അവസ്ഥ ആഗോളതലത്തിൽ മേന്മയേറിയതാകും.

## ജനരക്ഷ ഉറപ്പുവരുത്താനുള്ള പരിപാടികളുടെ സംയോജനം

ഗ്രാമവികസനം, ആഭ്യന്തരകാര്യം, സാമൂഹ്യനീതി, പട്ടിക ജാതി–പട്ടിക വർഗ്ഗം, ന്യൂനപക്ഷകാര്യം, ആരോഗ്യ കുടുംബക്ഷേമം, വനിതാശിശു വികസനം, വിദ്യാഭ്യാസം, നൈപുണ്യവികസനം, തദ്ദേശ ഭരണം വകുപ്പുകളുടെയും ഏജൻസികളുടെയും പൂർണ്ണസഹകരണത്തിലൂടെ മാത്രമേ ഒരു തദ്ദേശഭരണ സ്ഥാപനത്തിന് സാമൂഹിക ക്ഷേമ തദ്ദേശ സ്ഥാനപമായി മാറുവാൻ കഴിയുകയുള്ളൂ. ബാലാവകാശ കമ്മീഷൻ, ചൈൽഡ് ലൈൻ, ഐ.സി.ഡി.എസ്, വികലാംഗ കമ്മീഷൻ തുടങ്ങിയവയും സഹായഘടകങ്ങളാണ്.

## സാമൂഹിക സുരക്ഷിത തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാവുന്ന സമഗ്ര ഇടപെടലുകൾ

സുസ്ഥിര വികസന ലക്ഷ്യ ഇൻഡിക്കേറ്ററിൽ 80 ഘടകങ്ങളാണ് സാമൂഹിക സുരക്ഷിത തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായി തിട്ടപ്പെടുത്തിയിട്ടുള്ളത്. 80 സൂചകങ്ങളെ പരസ്പരം ബന്ധപെടുത്തി 27 ലക്ഷ്യങ്ങളിലായി ക്രമപ്പെടുത്തിയിട്ടുണ്ട്. 27 ലക്ഷ്യങ്ങൾ പരസ്പരം അഭേദ്യമായി  ബന്ധപ്പെട്ട ഘടകങ്ങൾ കൂട്ടി ചേർത്ത് 10 സമഗ്ര വിഷയ മേഖലകൾ വികസിപ്പിച്ചിരിക്കുന്നു. ഇതാണ്  ഈ മേഖലയിലെ അന്തർ മേഖലാ സമീപനം. ഈ കൈപുസ്തകം സാമൂഹ്യസുരക്ഷിത തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്ന വിഷയമേഖലയാണ് ചർച്ച ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ സമ്പൂർണ്ണമായി മനസിലാക്കുന്നതിലേക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തന പ്രാദേശിക സൂചിക സഹായകമാകുന്നതാണ്.

## സമഗ്ര ഇടപെടൽ മേഖലകൾ

1. വയോജന  സൗഹൃദം
2. ഭിന്നശേഷി  സൗഹൃദം
3. വിവേചനരഹിത തദ്ദേശ ഭരണം
4. ദാരിദ്ര്യരഹിത ഗ്രാമം
5. പോഷകാഹാര സുരക്ഷ
6. അക്രമരഹിത ഗ്രാമം
7. സാന്ത്വന പരിചരണം, ആരോഗ്യം
8. എല്ലാവർക്കും തൊഴിൽ
9. SC/ST സൗഹൃദ ഇടപെടലുകൾ
10. ഭവന നിർമ്മാണം

## പ്രധാന സാമൂഹിക സേവന പദ്ധതികൾ

1. ഭവന പദ്ധതികൾ
2. പട്ടികജാതി പട്ടികവർഗ പദ്ധതികൾ
3. ഭക്ഷണസുരക്ഷ
4. വയോജനക്ഷേമം
5. ഔഷധം, ആരോഗ്യം
6. പാലിയേറ്റീവ് കെയർ
7. വാതിൽപടി സേവനങ്ങൾ

## സാമൂഹ്യ അരക്ഷിതാവസ്ഥ നേരിടുന്ന പ്രധാന വിഭാഗങ്ങൾ

### 1. ഭിന്നശേഷി

മനുഷ്യവംശത്തിന്റെ പ്രാരംഭം മുതൽ അവരെ ക്ലേശിപ്പിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് വൈകല്യം അഥവ ഭിന്നശേഷി. പ്രാചീന കുടുംബ വ്യവസ്ഥയിലും, കാർഷിക സമ്പദ് വ്യവസ്ഥയിലും ഭിന്നശേഷിയുള്ളവർക്ക് കുടുംബസംരക്ഷണം കാര്യമായ പ്രശ്നമായിരുന്നില്ല. എന്നാൽ വ്യവസായ വിപ്ലവത്തിനുശേഷം സാമൂഹ്യസുരക്ഷക്കപ്പുറം വ്യക്തിഗതമായ സാമ്പത്തിക പുരോഗതി ലക്ഷ്യമായി മാറിയതോടെ ഭിന്നശേഷിയുള്ള വ്യക്തികൾ സാമൂഹ്യ സുരക്ഷാവലയത്തിൽ നിന്നും പുറത്താകുന്നതിന് കാരണമായി. ഇത് വലിയ മാനുഷിക പ്രശ്നമായി അനുഭവപ്പെടാൻ തുടങ്ങിയതിനെ തുടർന്ന് സാമൂഹ്യ നിന്ദ ഏറെ അനുഭവിക്കേണ്ടി വന്ന മനോരോഗികൾക്കും മെന്റൽ റിട്ടാർഡേഷൻ ഉള്ള വ്യക്തികൾക്കും ശാരീരിക വൈകല്യമുള്ളവർക്കും ക്ഷേമസ്ഥാപനങ്ങൾ തുടങ്ങി. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ഭിന്നശേഷിക്കാരുടെ ക്ഷേമ സേവനങ്ങൾ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങി. കേരളത്തിൽ പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങളിൽ ഇവർക്കായുള്ള സേവനങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

## വൈകല്യങ്ങളുടെ കാഠിന്യമനുസരിച്ചുള്ള (നിലവാരം) ഭിന്നശേഷി തരംതിരിവുകൾ

1. ഹൈസപ്പോർട്ട് അഥവ നിരന്തരം സഹായം ആവശ്യമായ ഗ്രൂപ്പ് - 80 ശതമാനത്തിലധികം അംഗപരിമിതി ഉള്ളവർ
2. ബഞ്ച്മാർക്ക് അംഗപരിമിതി 40 ശതമാനത്തിൽ കുറയാതെ നിശ്ചിത മാനദണ്ഡപ്രകാരം അംഗപരിമിതി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തി

ഭിന്നശേഷി വിഭാഗങ്ങളുടെ - തരംതിരിവ് പട്ടിക (RPWD act -2016) നിലവിൽ ഭിന്നശേഷി വിഭാഗത്തിൽ 5 പ്രധാന വിഭാഗങ്ങളിലായി താഴെ പറയുന്ന 21 കാറ്റഗറികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ | ഭിന്നശേഷി ഉപവിഭാഗങ്ങൾ | ഭിന്നശേഷി വ്യത്യസ്ത തരം |
|---|---|---|
| 1. ശാരീരിക വൈകല്യങ്ങൾ | എ. ചലനവൈകല്യങ്ങൾ | 1. കുഷ്ഠരോഗവിമുക്തർ<br>2. സെറിബ്രൽ പാൾസി<br>3. ഡ്വാർഫിസം<br>4. മസ്കുലർ ഡിസ്ട്രോഫി<br>5. ആസിഡ് അറ്റാക്ക് വിക്ടിം<br>6. ചലന വൈകല്യം |
| | ബി. ദൃശ്യവൈകല്യങ്ങൾ | 1. അന്ധത<br>2. ലോവിഷൻ |
| | സി. ശ്രവണ വൈകല്യം | 1. ബധിരത<br>2. ഹാർഡ് ഓഫ് ഹിയറിംഗ്<br>3. ഭാഷണ–ഭാഷാ വൈകല്യം |
| 2. ബൗദ്ധിക വൈകല്യങ്ങൾ | എ. ബൗദ്ധിക വെല്ലുവിളികൾ | 1. സുവ്യക്ത പഠന വൈകല്യങ്ങൾ<br>2. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ<br>3. ബൗദ്ധിക വെല്ലുവിളികൾ |
| 3. വിഭ്രാന്തി (മെന്റൽ ബിഹേവിയർ) | എ. മനോവ്യവഹാര വൈകല്യങ്ങൾ | 1. മനോരോഗം |
| 4. വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ | എ. നാഡീസംബന്ധമായ അവസ്ഥ | 1. മൾട്ടിപ്പിൾ സ്ക്ലീറോസിസ്<br>2. പാർക്കിൻസൺ ഡിസീസ് |
| | ബി. രക്തവുമായി ബന്ധപ്പെട്ട അവസ്ഥ | 1. ഹീമോഫീലിയ<br>2. തലാസീമിയ<br>3. സിക്കിൾസെൽ അനീമിയ |
| 5. മൾട്ടിപ്പിൾ ഡിസബിലിറ്റീസ് | ബഹുമുഖ വൈകല്യങ്ങൾ | 1. ഡഫ് & ബ്ലൈന്റ് |

## ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

1. അവഗണന വിവേചനങ്ങൾ
2. ആരോഗ്യ പ്രശ്നങ്ങൾ
3. വിദ്യാഭ്യാസ പ്രശ്നങ്ങൾ
4. തൊഴിൽ പ്രശ്നങ്ങൾ
5. വരുമാന പ്രശ്നങ്ങൾ
6. പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ

## ഭിന്നശേഷി സൗഹൃദഭരണം നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്ന നടപടികൾ

1. ഭിന്നശേഷി സൗഹൃദ ഭരണമെന്നത് അവകാശാധിഷ്ഠിത നയരൂപീകരണത്തിലൂടെ സൗഹൃദ ഭരണം ഒരു നയമായി ഭരണസമിതി അംഗീകരിക്കുക.
2. വിവര ശേഖരണവും അവസ്ഥാ പഠനവും.
3. ഭിന്നശേഷിക്കാർക്കായുള്ള ഗ്രാമസഭ- വാർഡ് സഭ സംഘടിപ്പിക്കൽ, ഗ്രാമസഭയിൽ വിവരശേഖരണത്തിലൂടെ ലഭ്യമായ വിവരങ്ങൾ പങ്കുവെക്കുകയും പ്രശ്നങ്ങളേയും സാഹചര്യങ്ങളേയും മുൻഗണന ക്രമത്തിലുള്ള പട്ടിക തയ്യാറാക്കൽ തുടർന്ന് അനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്തൽ തുടങ്ങിയവ.

## വ്യക്തിഗത സഹായങ്ങൾ

1. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുക.
2. സൈഡ് വീൽ ഘടിപ്പിച്ച വാഹനങ്ങൾ നൽകുക.
3. സ്കോളർഷിപ്പ് അല്ലെങ്കിൽ ബത്ത നൽകൽ

## പൊതു നടപടികൾ

1. ബഡ്സ് സ്കൂൾ, വൊക്കേഷണൽ സെന്റർ. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ
2. ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മത്സരം
3. സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹാർദ്ദമാക്കൽ
4. സർവീസ് ചാർട്ടറുകൾ
5. പൊതുധാരാവത്ക്കരണം

## 1. ഭിന്നശേഷിക്കാർക്കായുള്ള സുരക്ഷാ പദ്ധതികൾ

- കേന്ദ്രസോഷ്യൽ ജസ്റ്റിസ് മന്ത്രാലയം – ഡിഡിആർഎസ് ഗ്രാന്റ് ഇൻ എയ്ഡ്
- ആർ ബി എസ് കെ – ജനിച്ചാൽ താമസിയാതെ 4ഡി പരിശോധനകൾ – ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ – ഐഡൻന്റിറ്റി കാർഡ്
- സംസ്ഥാന സർക്കാർ – ക്ഷേമസ്ഥാപനങ്ങൾ – ആശാഭവൻ, കേരള സംസ്ഥാന സുരക്ഷാ മിഷൻ പരിപാടികൾ, താലോലം – ശ്രുതിതരംഗം – നിഷ്, എസ്.ഐ.എം.എച്ച് നിപ്പമെഡ്
- തദ്ദേശഭരണ സ്ഥാപനങ്ങൾ – സഹായഉപകരണങ്ങൾ, സ്കോളർഷിപ്പ്, ബഡ്സ് സ്കൂൾ – റീഹാബിലിറ്റേഷൻ സെന്റർ
- സംസ്ഥാന ഭിന്നശേഷി കമ്മീഷൻ, വികലാംഗ കോർപ്പറേഷൻ, അന്ധ–ബധിര വിദ്യാലയങ്ങൾ, ഇൻക്ലൂസീവ് എഡ്യുക്കേഷൻ ( സകലിത വിദ്യാഭ്യാസം)

## 2. ഭവന പദ്ധതികൾ

- **ലൈഫ്** – ലൈവലിഹുഡ് ഇൻക്ലൂഷൻ ആന്റ് ഫിനാൻഷ്യൽ എംപവർമെന്റ്

പദ്ധതി. സ്വന്തമായി വീട് വെക്കാൻ ശേഷിയില്ലാത്തവർക്ക് വീടും, തീർത്തും പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഉപജീവന മാർഗവും ഉറപ്പാക്കുകയാണ് ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ എന്നിവരാണ് ഗുണഭോക്താക്കൾ

- **പി എം എ വൈ** – പ്രധാനമന്ത്രി ആവാസ് യോജന, താങ്ങാവുന്ന ചെലവിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി. വീടൊന്നിന് 72000 രൂപ സഹായം
- ആശ്രയ, പട്ടികജാതി പട്ടികവർഗ വകുപ്പ് പരിപാടികളും തുടരുന്നു

## 3. പട്ടികജാതി വികസന പദ്ധതികൾ

- പട്ടികജാതി ജനവിഭാഗങ്ങളുടെ സാമൂഹ്യ വികസനം, സാമ്പത്തിക വികസനം എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികളുടെ രൂപീകരണം
- പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക അവകാശം ഭരണഘടനാനുസൃതം
- പട്ടികജാതി ഉപപദ്ധതി രൂപീകരണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർബന്ധം
- വിദ്യാഭ്യാസം ഉറപ്പാക്കുക, പാർപ്പിടം ലഭ്യമാക്കുക, തൊഴിൽ ഉറപ്പു വരുത്തുക, മിശ്രവിവാഹ ധനസഹായം , പശ്ചാത്തല വികസനം തുടങ്ങിയവയിൽ ശ്രദ്ധേയമായ ഇടപെടൽ
- മോഡൽ റസിഡൻഷ്യൽ സ്കൂൾ, ബാലവാടി, പ്രിമെട്രിക്ക് ഹോസ്റ്റൽ

## പട്ടികവർഗ വികസന പദ്ധതികൾ

- പൊതു വികസന പദ്ധതികളുടെ സ്വാഭാവിക ഗുണം അന്യമാകുന്നത് ഒഴിവാക്കാൻ പ്രത്യേക പദ്ധതികൾ
- പട്ടികവർഗ ഉപപദ്ധതിയും, പരിചരണസേവന പാക്കേജും
- വിദ്യാഭ്യാസാനുകൂല്യങ്ങൾ, സംവരണം, എം.ആർ.എസ്, പ്രിമെട്രിക് പഠനമുറി, സഹകരണ സംഘ ആനുകൂല്യം, സംരംഭകത്വ പ്രോത്സാഹനം, പട്ടികവർഗ സങ്കേതം
- ഊരു വികസനം, ഭവന നിർമ്മാണം പ്രത്യേക സഹായം, കമ്മ്യൂണിറ്റി കിച്ചൻ, ഗോത്രകല പ്രോത്സാഹനം
- പെൺകുട്ടികൾക്ക വിവാഹ ധനസഹായം, വന്യജീവി ആക്രമണസഹായം, വന വിഭവ ശേഖരണം

## 4. ഭക്ഷണ സുരക്ഷ സേവനങ്ങൾ

- പട്ടിണി – ഭക്ഷണ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനുള്ള പരിപാടികൾ – പോഷണാരോഗ്യ സുരക്ഷ – ശൈശവം മുതൽ
- സമീകൃതാഹാരം പരിപോഷിപ്പിക്കുക, സൂക്ഷ്മ പോഷണം ഉറപ്പാക്കുക, ന്യൂന പോഷണം ഇല്ലാതാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ
- പൊതുഭക്ഷണവിതരണം റേഷൻ ഭക്ഷ്യസബ്സിഡി (സിവിൽ സപ്ലൈസ്)

അങ്കണവാടി പോഷകാഹാരം, സ്കൂൾ ഉച്ചഭക്ഷണം, കമ്മ്യൂണിറ്റി കിച്ചൻ, മുലപ്പാലൂട്ടൽ പ്രചരണം, അയേൺ അയഡിൻ സപ്ലിമെന്റ് തുടങ്ങിയവ പ്രധാനം

- ശുദ്ധജലവിതരണം, മാലിന്യനിർമ്മാർജ്ജനം, ശൗചാലയങ്ങൾ ഡിവേർമ്മിംഗ്, അഗതിരഹിത പദ്ധതി, എച്ച്ഐവി ഭക്ഷണ കിറ്റ്
- കാർഷിക വികസനം, അടുക്കള തോട്ടം, ന്യൂട്രീഷൻ ഗാർഡൻ

## പോഷകാഹാര സുരക്ഷ

ജീവിതചക്രത്തിന്റെ എല്ലാ പ്രായഘടകങ്ങളിലേയും ആരോഗ്യപോഷണഘടകങ്ങളെ പരിപോഷിപ്പിക്കാനും പര്യാപ്തമായ ഒരു ചട്ടക്കൂടാണ് കേരള പോഷണനയം വിഭാവനം ചെയ്യുന്നത്. അപപോഷണമില്ലാത്ത ജനത എന്നതാണ് ഈ നയം.

## പോഷണാരോഗ്യ പ്രശ്നങ്ങളെ മൂന്നായി തരംതിരിക്കാം

1. ന്യൂന പോഷണവും വിളർച്ചയും
2. അമിത പോഷണവും അമിത വണ്ണവും
3. കുട്ടികളുടെയും മുതിർന്ന പൗരരുടെയും ഭക്ഷണപോഷണ വൈകല്യം

### പോഷണ പ്രശ്നങ്ങൾ

1. ന്യൂനപോഷണ ജന്യരോഗങ്ങൾ
2. മാംസ്യ ഊർജ്ജ ന്യൂനപോഷണം
3. ഭക്ഷ്യന്യൂനത
4. അയഡിന്റെ കുറവ്
5. കുറഞ്ഞ ജനന ഭാരം
6. കാലികമായ ഭക്ഷണ ദാരിദ്ര്യം
7. അമിത പോഷണവും വണ്ണക്കൂടുതലും

### തദ്ദേശ സ്വയംഭരണ സ്ഥാപനതല ഇടപെടലുകൾ

1. 0– 6 വരെ പ്രായ വിഭാഗത്തിന്റെ ന്യൂന പോഷണം ഇല്ലാതാക്കുക.
2. കൗമാരക്കാരായ പെൺകുട്ടികളുടെ വിളർച്ച ഇല്ലാതാക്കാൻ വിറ്റാമിൻ എ വിതരണം സമ്പൂർണ്ണമാക്കുക, ജനനഭാരമില്ലായ്മ ഇല്ലാതാക്കുക, കുട്ടികളിലെ അമിതഭാരം ഇല്ലാതാക്കുകുക.
3. പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ആസൂത്രണ നടപടികൾ – വാർഷിക പദ്ധതിയും, വികസനരേഖയും തയ്യാറാക്കുന്നതിനു മുന്നോടിയായി തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വാർഡുകളിൽ നിന്നും അങ്കണവാടി പ്രവർത്തകർ മുഖാന്തിരം സമഗ്ര വിവരശേഖരണം നടത്തുന്നു. ക്രോഡീകരിക്കപ്പെട്ട വിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രൊജക്ട്ടുകൾക്ക് രൂപം നൽകുകയും ചെയ്യുന്നു.

## 5. വയോജനക്ഷേമം

- വാർദ്ധക്യകാലം സന്തോഷകരവും അന്തസ്സുള്ളതും സുരക്ഷിതവുമാക്കുന്നതിനുള്ള സേവനങ്ങൾ
- വയോമിത്രം, കേന്ദ്ര സർക്കാർ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ എയ്ജ്ഡ് സംസ്ഥാന വയോജന പെൻഷൻ തുടങ്ങിയ സ്കീമുകൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കട്ടിൽ വിതരണം, പകൽവീട്, യോഗ പരിശീലനം, വയോജനസൗഹൃദ പരിപാടികൾ, പ്രത്യേക ക്യൂ സംവിധാനം
- വയോജനക്ലബ്ബുകൾ, പ്രത്യേക അയൽക്കൂട്ടങ്ങൾ, മുതിർന്ന പൗരരുടെ സംരക്ഷണനിയമം
- വൃദ്ധാസദനങ്ങൾ, സായംപ്രഭ ഭവനങ്ങൾ

## വയോജനസൗഹൃദ തദ്ദേശഭരണം – നടപടിക്രമങ്ങൾ

1. വയോജനസമഗ്ര വിവര ശേഖരണം – അവസ്ഥാപഠനം
2. വയോജന സൗഹൃദ പങ്കാളിത്തവേദി – മുതിർന്ന പൗരരുടെ ഗ്രാമസഭയിൽ സമഗ്ര വിവര ശേഖരണത്തിന്റെ കണ്ടെത്തലുകൾ പങ്കുവെക്കുകയും അവരുടെ പങ്കാളിത്തത്തോടെ കണ്ടെത്തിയ വിവരങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തരം തിരിച്ച് നിശ്ചയിക്കുകയും ചെയ്യുക.
3. മുൻഗണന ആവശ്യ പട്ടിക നടപ്പിലാക്കുന്നതിന് ആവശ്യമായ സൗഹൃദസേവന സംവിധാനങ്ങളും വേദിയും തീരുമാനിക്കുക. അനുയോജ്യമായ പ്രോജക്ടുകൾ നിശ്ചയിക്കുക
4. സൗഹൃദഭരണ നടപടികൾ
   - സ്ഥാപനങ്ങളെ വയോജന സൗഹൃദമാക്കൽ
   - വയോജന സൗഹൃദസേവന സംവിധാനം
   - ഐ ഇ സി സംവിധാനം

വയോജന സൗഹൃദ തദ്ദേശ ഭരണമെന്നതുകൊണ്ട് പ്രതീക്ഷിക്കുന്നത് വയോജനങ്ങൾക്ക് അന്തസ്സും സ്വാതന്ത്ര്യവും സംതൃപ്തവുമായ ശിഷ്ടജീവിതക്കാലം പ്രദാനം ചെയ്യുന്ന അവകാശാധിഷ്ഠിത സമീപനം. സാമൂഹ്യ ഇടപെടലുകൾക്ക് പശ്ചാത്തലസൗകര്യങ്ങളും സംവിധാനങ്ങളും സേവനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഉറപ്പു വരുത്തുന്ന തലത്തിലുള്ള സാഹചര്യങ്ങൾ ഒരുക്കികൊണ്ട് മാത്രമെ ഇത് സാധ്യമാകൂ.

## വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ ചുരുക്കത്തിൽ പ്രതിപാദിക്കുന്നു.

1. ആരോഗ്യ പ്രശ്നങ്ങൾ – മാരക രോഗങ്ങൾ, പകർച്ച വ്യാധികൾ, വൈകാരിക പ്രശ്നങ്ങൾ, മറവി രോഗം, മാനസീകാരോഗ്യ പ്രശ്നങ്ങൾ
2. സാമ്പത്തികം – തൊഴിൽ വരുമാനം
3. പോഷകാഹാര ലഭ്യത കുറവ്
4. കൂട്ടായ്മ, വാസാവസ്ഥ, വിശ്രമം, സ്വകാര്യത

**5.** വൈധവ്യം, ഒറ്റപെടൽ

വാർദ്ധാക്യ കാലത്ത് പ്രധാനമായും വയോജനങ്ങൾ നേരിടുന്നത് പ്രശ്നങ്ങളാണ്. ഉദരരോഗങ്ങൾ, പക്ഷാഘാതം, മറവിരോഗം, വൈകല്യങ്ങൾ, പകർച്ചേതര വ്യാധികൾ തുടങ്ങിയവ. വിധവകൾ, സന്താനങ്ങളില്ലാത്തവർ, അതിദരിദ്രർ, സാമൂഹ്യ പിന്നോക്കാവസ്ഥയിൽ ഉള്ളവർ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കേണ്ടതാണ്.

## വാതിൽപടി സേവനങ്ങൾ

- പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയവകൊണ്ട് ചലനശേഷി പരിമിതപ്പെട്ട് ക്ലേശമനുഭവിക്കുന്നവർക്ക് അനിവാര്യമായ സർക്കാർ സുരക്ഷാസേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്ന പരിപാടി
- **സുരക്ഷ പെൻഷൻ** – ലൈഫ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് പുതുക്കൽ, ദുരിതാശ്വാസ നിധി അപേക്ഷ, ബിൽ പേമെന്റ് തുടങ്ങിയവയാണ് ആദ്യപടി
- **ഇഹെൽത്ത്** – സംരക്ഷണ നിയമാപേക്ഷകൾ ബാങ്കിംഗ്, മറ്റു പരാതികൾ, ടാക്സ് അടക്കൽ തുടങ്ങിയവയും ഉൾപ്പെടുത്താം

## 6. സാന്ത്വന പരിചരണം, ആരോഗ്യസേവനം

- സാർവ്വത്രിക ആരോഗ്യ പരിരക്ഷ – എല്ലാവർക്കും ലഭ്യത ഉറപ്പാക്കുന്ന താങ്ങാൻ കഴിയാവുന്ന മേന്മയേറിയ ആരോഗ്യസേവനം ഉറപ്പാക്കലാണ് ലക്ഷ്യം – റൂറൽ – അർബ്ബൻ ഹെൽത്ത് മിഷൻ – ആർദ്രം പരിപാടികൾ
- ജനനി സുരക്ഷ, റീപ്രൊഡക്ടീവ് മറ്റേണൽ ന്യൂബോൺ ചൈൽഡ് ആന്റ് അഡോളസന്റ് ഹെൽത്ത് പദ്ധതികൾ
- ആയുഷ്മാൻ ഭാരത് യോജന, പൊതു ആരോഗ്യ ഇൻഷുറൻസ് – സാമൂഹ്യ – സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് 5 ലക്ഷംവരെ ചികിത്സ സഹായം വാഗ്ദാനം ചെയ്യുന്നു. 10000 ത്തിൽ താഴെ പ്രതിമാസ വരുമാനമാണ് അർഹത
- ഓൺലൈൻ രജിസ്ട്രേഷനും പുതുക്കലും
- ആയുഷ് ഹെൽത്ത് വെൽനസ്സ് സെന്റർ – ഗർഭിണികൾ, വയോജനങ്ങൾക്ക് പ്രത്യേക പരിഗണന, പാലയേറ്റിവ് കെയറിൽ “അരികെ”
- രോഗനിർണ്ണയ ക്യാമ്പുകൾ, കിഡ്നി രോഗ ഡയാലിസിസ് ധനസഹായം
- ചികിത്സകൊണ്ട് രോഗം ഭേദമാകില്ലെന്നുള്ള രോഗാവസ്ഥകൊണ്ട് വിഷമിച്ച് വീടുകളിൽ കഴിയുന്നവർക്കായി നടത്തുന്ന പരിചരണ ചികിത്സാ പരിപാടി
- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും യൂണിറ്റ് – മാർഗരേഖ 6.5
- ഗാർഹീക സാന്ത്വന പരിചരണം – ഹോം കെയർ ടീം അവരെ നിയോഗിക്കുന്ന പി.എം.സി യാണ് പ്രധാന ദൗത്യം
- സന്നദ്ധ സംഘങ്ങൾക്കും ഹോംകെയർ ടീമിനോടൊപ്പം ഇരട്ടിപ്പൊഴിവാക്കി പ്രവർത്തിക്കാം
- കുടുംബങ്ങൾക്ക് രോഗപരിചരണത്തിനും, ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും

പരിശീലനം നൽകാം കൂടുതൽ വിവരങ്ങൾക്ക് – മാർഗരേഖ 6.5

- സാമൂഹ്യ സുരക്ഷാ പെൻഷനുകൾ
- വാർദ്ധാക്യകാല പെൻഷൻ
- കർഷകതൊഴിലാളി പെൻഷൻ
- കർഷക പെൻഷൻ
- വികലാംഗ പെൻഷൻ
- അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
- വിധവ പെൻഷൻ
- ഓരോ പെൻഷനും കൃത്യമായ മാനദണ്ഡങ്ങളും, ആവശ്യമായ രേഖകളും സമർപ്പിക്കേണ്ടതാണ്
- കർഷക പെൻഷൻ അപേക്ഷ കൈകാര്യം ചെയ്യുന്നത് കൃഷി വകുപ്പാണ്

## 7. തൊഴിൽ വികസനം

1. ഉൽപ്പാദനക്ഷമമായ പ്രായത്തിൽ തൊഴില്ലിലാത്ത/അവശ്യമായ തൊഴിൽ ലഭിക്കാത്ത എല്ലാ ആളുകളെയും തിരിച്ചറിയുകയും അവരുടെ കഴിവുകളുടെ മാപ്പിംഗ് നടത്തുകയും ചെയ്യുക.
2. ഗ്രാമത്തിലെ വിവിധ ഉൽപ്പാദന സാധ്യതകൾ/തൊഴിൽ സാധ്യതകൾ/സംരംഭ സാധ്യതകൾ എന്നിവ മാപ്പ് ചെയ്ത് പട്ടികപ്പെടുത്തുക.
3. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ഭിന്നശേഷിയുടെ തരത്തേയും അളവിനെയും അടിസ്ഥാനമാക്കി മാപ്പ് ചെയ്യുകയും നിലവിലുള്ള സ്കീമുകൾ, സ്പോൺസർഷിപ്പുകൾ, പ്രാദേശിക പ്ലെയ്സ്മെന്റുകൾ ഉറപ്പാക്കൽ എന്നിവയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സൗകര്യമൊരുക്കുകയും ചെയ്യുക
4. സംരംഭങ്ങൾ ആരംഭിക്കുന്നതിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളുടെ നൈപുണ്യ മാപ്പിങ്ങും താൽപര്യമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുകയും ചെയ്യുക.
5. പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സ്ഥിതി/അവസ്ഥ വിശകലനം
6. സംരംഭകത്വ വികസന പരിശീലനം/നൈപുണ്യ പരിശീലനം സംഘടിപ്പിക്കുക.
7. വിവിധ സർക്കാർ വകുപ്പുകൾ, നിയമാനുസൃത ഏജൻസികൾ, ധനകാര്യ ഏജൻസികൾ, എന്നിവയിൽ നിന്നുള്ള വിഭവങ്ങൾ സ്വരൂപിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമായി ഫലപ്രദവും സുസ്ഥിരവുമായ സംവിധാനങ്ങൾ സൃഷ്ടിക്കുക
8. പുതിയ സ്ഥാപനങ്ങൾക്കും /സംവിധാനങ്ങൾക്കും കൈത്താങ്ങ് നൽകുക

## അതിഥി തൊഴിലാളിസൗഹൃദം

ഒരു സംസ്ഥാനത്ത് സ്ഥിരവാസമുറപ്പിച്ചിട്ടുള്ള, മറ്റൊരു സംസ്ഥാനത്ത് അസംഘടിത

മേഖലയിൽ തൊഴിലിനായി വന്ന് താൽക്കാലികമായി താമസിച്ച് വേതനം കൈപ്പറ്റി ജീവിക്കുന്നവർ. 2020 മാർച്ചിൽ കോവിഡ് ലോക്ഡൗൺ കാലത്ത് കേരളം വളരെ സൗഹൃദപരമായ നിലപാടാണ് അതിഥി തൊഴിലാളികളോട് കാണിച്ചത്.

### അതിഥി തൊഴിലാളി പ്രശ്നങ്ങൾ

1. കൂടുതൽ പേരും അപകടകരവും അതികഠിനവുമായ തൊഴിലുകളിൽ ഏർപ്പെടുന്നു.
2. വേണ്ടത്ര സൗകര്യമില്ലാത്ത താമസ ഇടങ്ങൾ
3. വിവേചനം, ചൂഷണം, ഉപദ്രവം എന്നിവ നേരിടുന്നു
4. ആരോഗ്യകാര്യത്തിൽ അശ്രദ്ധ

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമതലകൾ

1. സ്റ്റേക്ക് ഹോൾഡർ ചർച്ച – വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ
2. എല്ലാ കുട്ടികൾക്കും കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
3. വിദ്യാലയങ്ങളിൽ കുട്ടികൾക്ക് പ്രവേശനം ഉറപ്പ് വരുത്തുക
4. സെറ്റിൽമെന്റ് മാപ്പിംഗ്
5. പ്രത്യേക ഗ്രാമസഭ

## 8. വിവേചനരഹിത തദ്ദേശ ഭരണം

മനുഷ്യരാശി പല കാരണങ്ങളാലും വിവിധ സ്ഥലങ്ങളിൽ വിവേചനങ്ങൾ നേരിടുന്നു. ജാതി, മതം, വർഗം, വർണ്ണം തുടങ്ങിയവ ആഗോള വിവേചന പ്രശ്നങ്ങളാണ്. ദുരന്തബാധിതർ, അഭയാർത്ഥികൾ, യുദ്ധകെടുതി നേരിടുന്നവർ എന്നിവരുടേയും പ്രശ്നങ്ങൾ പൊതുവായി ധാരണയുള്ളതാണ്. എന്നാൽ ന്യൂനപക്ഷഭാഷക്കാർ, ലൈംഗീക ന്യൂനപക്ഷങ്ങൾ, പട്ടികജാതി–പട്ടികവർഗക്കാർ, കുടിയേറ്റ തൊഴിലാളികൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിങ്ങനെ സമൂഹത്തിലെ പല വിഭാഗങ്ങളും വിവേചനങ്ങൾ നേരിടുന്നവരാണ്. ഇത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾക്കെതിരാണ്. ഈ സാഹചര്യത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും തങ്ങളുടെ പ്രദേശത്ത് വിവേചനങ്ങൾ നേരിടുന്ന ജനവിഭാഗങ്ങൾ ഉണ്ടെങ്കിൽ അവർക്കായുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്. ജനന രജിസ്ട്രേഷൻ തുടങ്ങി സേവനങ്ങളും പദ്ധതികളും ലഭ്യമാക്കുന്നതുൾപ്പടെ പല കാര്യങ്ങളിലും ഇടപെടൽ ആവശ്യമാണ്.

## 9. ദാരിദ്ര്യരഹിത ഗ്രാമം

അടിസ്ഥാനപരമായ ആവശ്യങ്ങൾ ആർജ്ജിക്കാൻ കഴിയാത്ത സാഹചര്യം ഒരു വിഭാഗം ജനങ്ങളെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു. ഇത് സാമൂഹ്യ സാമ്പത്തിക ശാരീരിക ഘടകങ്ങൾ ഉൾപ്പെടുന്ന ഒന്നാണ്. ഭക്ഷണം , പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, രോഗചികിത്സ എന്നിവയിൽ ഉണ്ടാകുന്ന ഏത് കുറവുകളും വ്യക്തിയേയും കുടുംബത്തേയും ദാരിദ്ര്യത്തിലേക്ക് നയിക്കുന്നതായി കാണാം. ദാരിദ്ര്യം പ്രത്യക്ഷമോ പരോക്ഷമോ ആകാം. അതുകൊണ്ട് തന്നെ വ്യക്തിയും കുടുംബവും അനുഭവിക്കുന്ന

ക്ലേശാവസ്ഥകൾ തിട്ടപ്പെടുത്തികൊണ്ട് മാത്രമേ ഇവക്കുള്ള പരിഹാരങ്ങൾ കണ്ടെത്താൻ കഴിയൂ. സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പല സൂചകങ്ങളും ദാരിദ്ര്യത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. യഥാർത്ഥത്തിൽ സാമൂഹ്യമായ അസുരക്ഷിതത്വം നേരിടുന്ന ജനവിഭാഗങ്ങളെ തിട്ടപ്പെടുത്താനുള്ള മുഴുവൻ സൂചകങ്ങളും ദാരിദ്ര്യവുമായി ബന്ധപ്പെട്ടതാണ്. ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ഭവനരഹിതർ, തൊഴിൽ രഹിതർ, ഭക്ഷണസുരക്ഷയില്ലാത്തവർ, വിവേചനങ്ങൾ നേരിടുന്നവർ, സാന്ത്വന പരിചരണം ആവശ്യമുള്ളവർ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രതികൂല സൂചകങ്ങൾ ഇല്ലായ്മ ചെയ്തുകൊണ്ട് മാത്രമേ ദാരിദ്ര്യരഹിത ഗ്രാമം സൃഷ്ടിക്കാൻ കഴിയൂ.

## 10. അക്രമരഹിത ഗ്രാമം

അട്രോസിറ്റീസ് ആക്ട് നിർദ്ദേശിക്കും പ്രകാരം ശാരീരികമായോ മാനസികമായോ, സാംസ്കാരികമായോ ഏതെങ്കിലും വിധത്തിലുള്ള വിവേചനങ്ങളോ പ്രവർത്തികളോ അക്രമങ്ങളോ ചൂഷണങ്ങളോ ദുർബ്ബല വിഭാഗങ്ങൾക്കെതിരായി ഉണ്ടാകരുതെന്ന് നിഷ്ക്കർഷിക്കുന്നു. ഇത് പട്ടികജാതി പട്ടികവർഗവിഭാഗങ്ങൾക്ക് മാത്രമല്ല മറിച്ച് കുട്ടികൾ സ്ത്രീകൾ തുടങ്ങിയവർക്കെതിരായുള്ള അതിക്രമങ്ങളും നിയമാനുസൃതം ഇല്ലായ്മ ചെയ്യേണ്ടതാണ്. ഇതിനായി ജാഗ്രതയുള്ള ഇടപെടലുകൾ പ്രതിരോധ നടപടികൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്നാണ് പ്രതീക്ഷ.

## എന്തിനാണ് സാമൂഹികസുരക്ഷിത തദ്ദേശഭരണം ആസൂത്രണം ചെയ്യുന്നത്?

1. സാമൂഹിക സുരക്ഷ മനുഷ്യരുടെ ഏറ്റവും പ്രധാനപെട്ട അവകാശമാണ്
2. സാമൂഹികമായി സുരക്ഷിതമായ തദ്ദേശ സ്ഥാപനം ഉറപ്പാക്കുക – ഭരണഘടനാപരമായ നിർദ്ദേശം
3. 'ഒരാളുപോലും വിട്ട് പോകരുത്' എന്ന് സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രഖ്യാപിക്കുന്നു


ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പരോക്ഷമായി പാർശ്വവൽക്കരിക്കപ്പെട്ട നിരവധി ജനവിഭാഗങ്ങൾ നിലനിൽക്കുന്നു.

എല്ലാവർക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ആസൂത്രിതമായ ഇടപെടലുകൾ ആവശ്യമാണ്

സാമൂഹികമായി സുരക്ഷിതമായ ഒരു ഗ്രാമം ഉറപ്പാക്കുന്നതിനുള്ള സാധ്യത ഒരുക്കുന്ന ഉപകരണമാണ് വികസന പദ്ധതി.

## സമഗ്ര വികസന കാഴ്ച്ചപ്പാട്

പത്ത് വിഷയമേഖലകളേയും ഒരേപോലെ പ്രാധാന്യത്തോടെ കണക്കിലെടുത്ത് അവയിൽ ഓരോന്നിലും ആവശ്യമായ ഇടപെടലുകൾ ഒരേസമയം നടപ്പാക്കുക വഴി സാമൂഹ്യസുരക്ഷിതതദ്ദേശഭരണം സുസ്ഥാപിതമാക്കാൻ കഴിയും.


എല്ലാവർക്കും ഭവനം
വയോജന സൗസൗഹൃദം
ഭിന്നശേഷി സൗഹൃദം
പട്ടികവിഭാഗ സൗഹൃദം
വിവേചനരഹിതം
സാമൂഹ്യസുരക്ഷിത തദ്ദേശഭരണം
എല്ലാവർക്കും തൊഴിൽ
ദാരിദ്ര്യരഹിതം
സ്വാന്തനം ആരോഗ്യം
അക്രമരഹിതം
പോഷണസുരക്ഷ

അദ്ധ്യായം 5

# സാമൂഹ്യ സുരക്ഷിത തദ്ദേശഭരണവും സുസ്ഥിര വികസന ലക്ഷ്യങ്ങളും

സുസ്ഥിരവികസന പ്രാദേശിക സൂചകങ്ങളുടെ പ്രസക്തി തിരിച്ചറിയുന്നതിന് ഏതെല്ലാം സൂചകങ്ങളുണ്ടെന്ന് പരിശോധിക്കാം. സാമൂഹ്യ സുരക്ഷിത പ്രശ്നങ്ങളെ സംബന്ധിച്ച ഘടകങ്ങളാണ് സൂചകങ്ങളായി താഴെ നൽകിയിട്ടുള്ളത്. ഈ സൂചകങ്ങൾ സമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങളേതെന്നും അവയുടെ നിലവിലെ അവസ്ഥ എന്തെന്ന് തിരിച്ചറിയുവാൻ നമ്മെ സഹായിക്കുന്നു.

| ക്ര. നം | പ്രാദേശികമായി ശേഖരിക്കേണ്ട സൂചക കണക്ക് |
|---|---|
| 1 | ദേശീയ ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന ജനങ്ങളുടെ എണ്ണം |
| 2 | ഓല വീടുകളിൽ താമസിക്കുന്നവരുടെ ശതമാനം |
| 3 | ആയുഷ്മാൻ ഭാരതിന് കീഴിലുള്ള ഒരു ആരോഗ്യ പദ്ധതി / ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ശതമാനം |
| 4 | സാമൂഹിക സുരക്ഷാ സ്കീമുകൾ സ്വീകരിക്കുന്നവരുടെ ശതമാനം (യോഗ്യരായവർ)<br>• വയോജന പെൻഷൻ<br>• നിരാലംബ പെൻഷൻ<br>• നിരാലംബരായ പെൻഷൻ സ്വീകരിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ |
| 5 | നിരാലംബരായ സ്ത്രീകൾക്ക് പെൻഷൻ ലഭിക്കുന്നവർ |
| 6 | സംയോജിത ശിശു വികസന പദ്ധതിയിൽ –ICDS ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം |
| 7 | 0–3 വയസ്സിനു ഇടയിൽ പ്രായമുള്ള കുട്ടികൾ |
| 8 | 3–6 വയസ്സിനു ഇടയിൽ പ്രായമുള്ള കുട്ടികൾ |

| | |
|---|---|
| 9 | ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സാമൂഹിക സുരക്ഷാ ആനുകൂല്യം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം (MGNREGA) |
| 11 | സ്വാശ്രയ സംഘങ്ങളിലെ പാവപ്പെട്ട സ്ത്രീകളുടെ ശതമാനം |
| 12 | ബാങ്കുകളിൽ നിന്നും വായ്പകൾ എടുത്ത സ്വാശ്രയ സംഘങ്ങളുടെ ശതമാനം |
| 13 | മാതൃത്വ ആനുകൂല്യ പ്രകാരം സാമൂഹിക സുരക്ഷ ആനുകൂല്യം ലഭിച്ച ജനങ്ങളുടെ എണ്ണം(PMMVY) |
| 14 | ഗവൺമെന്റ് സാമ്പത്തിക സഹായത്തോടെ വൃദ്ധാസദനം/ഡേകെയറിലൂടെ സഹായം ലഭിച്ച മുതിർന്ന പൗരരുടെ എണ്ണം |
| 15 | ഐഡി കാർഡുള്ള ഭിന്നശേഷിയുള്ളവരുടെ/സ്ത്രീകൾ/വയോധികർ/എസ്സി/എസ്ടികളുടെ ശതമാനം. |
| 16 | ഭിന്നശേഷിയുള്ളവർ/സ്ത്രീകൾ/വയോധികർ/എസ്സി/എസ്ടികൾ ഭിന്നശേഷിയുള്ളവരുടെ പെൻഷൻ ലഭിക്കുന്നവരുടെ ശതമാനം. |
| 17 | സഹായ ഉപകരണങ്ങൾ നൽകിയിട്ടുള്ള ഭിന്നശേഷിക്കാർ/സ്ത്രീകൾ/വയോധികർ/എസ്സി/എസ്ടികളുടെ ശതമാനം |
| 18 | ഗവൺമെന്റ്/കമ്മ്യൂണിറ്റി/സിഎസ്ഒ ധനസഹായം നൽകുന്ന ഡേ കെയർ സെന്ററുകൾ മുഖേന പരിരക്ഷിക്കപ്പെടുന്ന ശാരീരിക വൈകല്യമുള്ളവരുടെ സ്ഥാപന സഹായത്തിന്റെ അനുപാതം.<br>• സ്ത്രീകൾ<br>• എസ്.സി/എസ്.ടി<br>• വയോജനം |
| 19 | ഭിന്നശേഷിക്കാരുടെ അനുപാതം – കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ (CBR–ന്) വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾ (DRC) വഴി പിന്തുണ ലഭിച്ചവർ |
| 20 | ഗവൺമെന്റ് / കമ്മ്യൂണിറ്റി / CSO ധനസഹായം നൽകുന്ന ഡേ കെയർ സെന്ററുകൾ മുഖേനയുള്ള സ്ഥാപനപരമായ സഹായം നൽകുന്ന മാനസിക വെല്ലുവിളി നേരിടുന്നവരുടെ അനുപാതം.<br>• സ്ത്രീകൾ<br>• എസ്.സി/എസ്.ടി<br>• വയോജനം |

| | |
|---|---|
| 21 | ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ വരുന്ന ജനസംഖ്യയുടെ അനുപാതം<br>• സ്ത്രീകൾ<br>• എസ്.സി/എസ്.ടി<br>• വയോജനം |
| 22 | ഗവൺമെന്റ്/കമ്മ്യൂണിറ്റി/സിഎസ്ഒ ധനസഹായം നൽകുന്ന ഡേ കെയർ സെന്ററുകൾ മുഖേന ശാരീരിക വൈകല്യമുള്ളവരെ പരിരക്ഷിക്കുന്ന സ്ഥാപന സഹായത്തിന്റെ അനുപാതം<br>• സ്ത്രീകൾ<br>• എസ്.സി/എസ്.ടി<br>• വയോജനം |
| 23 | പൈപ്പ് വാട്ടർ സപ്ലൈ (PWS) വഴി പരിസരത്ത് സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭിക്കുന്ന ജനസംഖ്യയുടെ ശതമാനം. |
| 24 | മൊത്തം ജനസംഖ്യയിൽ പാർപ്പിടമില്ലാത്തവരുടെ എണ്ണം |
| 25 | ഏതെങ്കിലും സംസ്ഥാന നിർദ്ദിഷ്ട ഭവന പദ്ധതിയിൽ നിന്ന് ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ ശതമാനം |
| 26 | മൊത്തം ജനസംഖ്യയുടെ ശതമാനത്തിൽ ( ഷെഡ്യൂൾ ചെയ്ത വാണിജ്യ ബാങ്കുകളിലെ അക്കൗണ്ടുകളുടെ എണ്ണം (ഡെപ്പോസിറ്റ്, ക്രെഡിറ്റ് അക്കൗണ്ടുകൾ ഉൾപ്പെടെ. |
| 27 | ജനങ്ങളിൽ ദുരന്തം ബാധിച്ച വ്യക്തികൾ, കാണാതായ വ്യക്തികൾ, മരിച്ചവർ എന്നിവരുടെ എണ്ണം |
| 28 | വാർഷിക പദ്ധതിയിൽ – സേവന മേഖലയുടെ – വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷിതത്വം ചെലവ് വിഹിതം. |
| 29 | സ്ത്രീകൾക്ക് നേരിട്ട് പ്രയോജനകരമായ പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്ന ബഡ്ജറ്റിന്റെ ശതമാനം |
| 30 | അഞ്ച് വയസ്സിൽ താഴെ വളർച്ച കുറവുള്ള കുട്ടികളുടെ എണ്ണം |
| 31 | ബിപിഎൽ റേഷൻ കാർഡുള്ള കുടുംബങ്ങളുടെ ശതമാനം. |
| 32 | റേഷൻ സംവിധാനത്തിന് കീഴിൽ വരുന്ന കുടുംബങ്ങളുടെ ശതമാനം |

| | |
|---|---|
| 33 | സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്ന യോഗ്യരായ ജനസംഖ്യയുടെ അനുപാതം |
| 34 | അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളിൽ പ്രായത്തിനനുസരിച്ച് ഭാരക്കുറവുള്ളവരുടെ എണ്ണം |
| 35 | 6 മുതൽ 59 മാസം വരെ പ്രായമുള്ള കുട്ടികളിൽ വിളർച്ച ബാധിച്ച കുട്ടികളുടെ എണ്ണം |
| 36 | വിളർച്ചയുള്ള കൗമാരക്കാരുടെ ശതമാനം (15–19 ) പെൺകുട്ടികൾ. |
| 37 | സാധാരണ നിലയിൽ താഴെ BMI യുള്ള സ്ത്രീകളുടെ എണ്ണം (BMI < 18–5 kg/m2) |
| 38 | 15–49 പ്രായക്കാരിൽ വിളർച്ചയുള്ള ഗർഭിണികളുടെ എണ്ണം |
| 39 | വിളർച്ചയുള്ള വയോജനങ്ങളുടെ  ശതമാനം |
| 40 | ഗ്രാമപഞ്ചായത്തുകളിൽ സ്കൂളിന് പുറത്തുള്ള പെൺകുട്ടികളുടെ എണ്ണം. |
| 41 | ഗ്രാമപഞ്ചായത്തുകളിലെ സ്ത്രീധനവുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം |
| 42 | പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം |
| 43 | സ്ത്രീകൾക്ക് എതിരായ മൊത്തം അതിക്രമങ്ങളിൽ സ്ത്രീധന സംബന്ധമായ അതിക്രമങ്ങൾക്ക് വിധേയരായ സ്ത്രീകളുടെ എണ്ണം |
| 44 | ജനന സമയത്തെ ലിംഗ അനുപാതം |
| 45 | 15–49 നും ഇടയിൽ പ്രായമുള്ളതും പങ്കാളികളോടൊപ്പം ജീവിക്കുന്നതുമായ സ്ത്രീകളിൽ, പങ്കാളിയിൽ നിന്ന് ശാരീരികമോ, ലൈംഗികമോ ആയ അതിക്രമങ്ങൾക്ക് ഇരയാകേണ്ടി വന്നവരുടെ എണ്ണം |
| 46 | ഒരു വർഷം റിപ്പോർട്ട് ചെയ്ത പെൺകുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങളിൽ ലൈംഗിക അതിക്രമങ്ങളുടെ എണ്ണം |
| 47 | ഒരു വർഷം കൊണ്ട് റിപ്പോർട്ട് ചെയ്ത സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങളിൽ ലൈംഗിക കുറ്റകൃത്യങ്ങളുടെ എണ്ണം |
| 48 | മൊത്തം സ്ത്രീകളിൽ കാണാതായ സ്ത്രീകളുടെ എണ്ണം |
| 49 | ഒരു വർഷം കടത്തി കൊണ്ട് പോയ കുട്ടികൾക്കിടയിൽ പെൺകുട്ടികളുടെ എണ്ണം |

| | |
|---|---|
| 50 | കുട്ടികൾക്കിടയിലെ സ്ത്രീ ലിംഗാനുപാതം (0-6 years) |
| 51 | 20 നും 24 നും ഇടയിൽ പ്രായമുള്ള സ്ത്രീകളിൽ 18 വയസ്സിന് മുമ്പ് വിവാഹിതരായവരുടെ എണ്ണം |
| 52 | ശൈശവ വിവാഹങ്ങളുടെ എണ്ണം |
| 53 | ഗ്രാമപഞ്ചായത്തിലെ സ്ത്രീ ജനപ്രതിനിധികളുടെ ശതമാനം |
| 54 | തദ്ദേശ ഭരണ സ്ഥാപനത്തിലെ വനിതാ ജനപ്രതിനിധികളുടെ ശതമാനം |
| 55 | ഗ്രാമപഞ്ചായത്ത്തലത്തിൽ തൊഴിലില്ലാത്തവരുടെ പുരുഷന്മാരുടേയും സ്ത്രീകളുടെയും എണ്ണം. |
| 56 | തൊഴിൽ / പരിശീലനം / വിദ്യാഭ്യാസം എന്നിവയില്ലാത്ത 15–24 പ്രായപരിധിയിലുള്ള തൊഴിലില്ലാത്തവരുടെ എണ്ണം. |
| 57 | ഗ്രാമപഞ്ചായത്തിലെ എസ് സി–എസ്.ടി ജനപ്രതിനിധികളുടെ അനുപാതം |
| 58 | പട്ടികജാതി/പട്ടികവർഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് ഉചിതമായ ഇടപെടലുകൾ ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയിട്ടുണ്ടോ? |
| 59 | യോഗങ്ങളിലും കമ്മിറ്റികളിലും ഗ്രാമപഞ്ചായത്തിലെ വിവിധ സംരംഭങ്ങളിലും എസ്സി/എസ്ടി സ്ത്രീകൾ ഉൾപ്പെടെയുള്ള പട്ടികജാതി/പട്ടികവർഗ അംഗങ്ങളുടെ പങ്കാളിത്തം ഗ്രാമപഞ്ചായത്തുകൾ ഉറപ്പാക്കിയിട്ടുണ്ടോ?. |
| 60 | എസ്സി/എസ്ടി വിഭാഗത്തിൽ നിന്നുള്ള അംഗങ്ങൾ പങ്കാളിത്ത ആസൂത്രണത്തിലും പദ്ധതി രൂപീകരണത്തിലും ഉൾപ്പെട്ടിരുന്നോ? |
| 61 | പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും പൗര സേവനങ്ങളുടെയും അവസ്ഥ തുല്യമാണോ ? |
| 62 | വികസന പരിപാടികളിൽ പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കളുടെ എണ്ണം ഉറപ്പാക്കിയിട്ടുണ്ടോ? |
| 63 | ട്രാൻസ്ജെൻഡേഴ്സിന് അടിസ്ഥാന ഐഡി പ്രൂഫ് ഉണ്ടോ? |
| 64 | ട്രാൻസ്ജെൻഡർ വിഭാഗത്തിന് അർഹമായ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ? |
| 65 | ഗ്രാമപഞ്ചായത്തുകൾ അവരുടെ സാമൂഹിക ഉൾപ്പെടുത്തൽ ഉറപ്പാക്കിയിട്ടുണ്ടോ? |

| | |
|---|---|
| 66 | സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, ഭിന്നശേഷിക്കാർ എന്നിവർക്കെതിരായ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും എഫ്ഐആർ ഫയൽ ചെയ്യുകയും ചെയ്യുന്നത് പഞ്ചായത്ത് നിരീക്ഷിക്കുന്നുണ്ടോ? (Y/N). |
| 67 | ദുർബ്ബലരുടെ – അതിദരിദ്രർ, പ്രായമായവർ, ഭിന്നശേഷിക്കാർ, എസ്സി/ എസ്ടി, കുടിയേറ്റക്കാർ, കുട്ടികൾ, സ്ത്രീകൾ തുടങ്ങിയവർ ഗ്രാമപഞ്ചായത്തുകൾ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ? |
| 68 | വയോജനങ്ങൾ, ഭവനരഹിതർ, അഗതികൾ എന്നിവർക്കായി ഏതെങ്കിലും കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള പിന്തുണാ സംവിധാനം പഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ടോ ? |
| 69 | ഇരയ്ക്ക് ആവശ്യമെങ്കിൽ അവർക്ക് ഉപജീവനമാർഗം കെട്ടിപ്പടുക്കുന്നതിന് പഞ്ചായത്ത് സൗകര്യമൊരുക്കുന്നുണ്ടോ / സ്ഥാപിച്ചിട്ടുണ്ടോ (Y/N). |
| 70 | സാന്ത്വന പരിചരണം ആവശ്യമുള്ളവർക്ക് നൽകാൻ ഗ്രാമ പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ടോ? |
| 71 | മുൻകൂട്ടിക്കാണാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഇരകളായവർക്ക് ഗ്രാമ പഞ്ചായത്ത് പിന്തുണ നൽകുന്നുണ്ടോ/ ക്രമീകരിച്ചിട്ടുണ്ടോ |
| 72 | ഗ്രാമ പഞ്ചായത്തിലെ SC / ST ബജറ്റ് നീക്കിയിരിപ്പിന്റെ അനുപാതം |
| 73 | ബോധപൂർവ്വം നരഹത്യക്ക് ഇരയായവരുടെ എണ്ണം |
| 74 | അക്രമ കേസുകളുടെയും ഉപേക്ഷിക്കപ്പെട്ട വയോജനങ്ങളുടെ എണ്ണം |
| 75 | ഭിന്നശേഷിക്കാർക്കെതിരെയുള്ള അതിക്രമ കേസുകളുടെ എണ്ണം |
| 76 | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം |
| 77 | കാണാതായ കുട്ടികളുടെ എണ്ണം |
| 78 | മനുഷ്യക്കടത്തിൽ നിന്ന് രക്ഷിക്കപ്പെട്ട ഇരകളുടെ എണ്ണം |
| 79 | പോക്സോ കേസുകളുടെ എണ്ണം |
| 80 | ആധാർ കാർഡുള്ളവരുടെ ശതമാനം |

## വിവരശേഖരണം - വിഷയാധിഷ്ഠിത സാധ്യതകൾ

ഓരോ വികസന സൂചകത്തിന്റേയും നിലവിലെ കണക്കുകൾ ശേഖരിച്ച് ഓരോ ഘട്ടങ്ങളിലും ഡാഷ് ബോർഡിൽ ചേർക്കണമെന്നാണല്ലോ നിർദ്ദേശം. തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം എവിടെനിന്നെല്ലാം ഈ കണക്കുകൾ ശേഖരിക്കും എന്നതും അവ ഏത് ഘട്ടങ്ങളിലെല്ലാം സമാഹരിച്ച് ചേർക്കുമെന്നും ഉള്ളത് പ്രധാന വെല്ലുവിളിയാണ്. ഈ സൂചകങ്ങളെ സമഗ്ര വിഷയ മേഖലകളായി തരംതിരിച്ച് ശേഖരിക്കുകയാണ്. അതുകൊണ്ട് തന്നെ ഈ സൂചകങ്ങളെ വിഷയാധിഷ്ഠിത പട്ടികയിലേക്ക് ചേർക്കാവുന്നതാണ്.

### സമഗ്ര വിഷയങ്ങൾ

| ക്ര. നം | സമഗ്ര വിഷയ മേഖലകൾ | പ്രാദേശികമായി ശേഖരിക്കേണ്ട സൂചക ക്രമനമ്പർ |
|---|---|---|
| എ | വയോജനക്ഷേമം | 4, 14, 39, 68,74 |
| ബി | ഭിന്നശേഷിക്ഷേമം | 15, 16, 17, 18, 19, 20, 21, 22, 25 |
| സി | വിവേചനരഹിത തദ്ദേശഭരണം | 29, 40, 44, 50, 53, 54, 63, 64, 65, 80 |
| ഡി | ദാരിദ്ര്യരഹിതതദ്ദേശഭരണം | 1, 5, 23, 26, 67 |
| ഇ | പോഷകാഹാര സുരക്ഷ | 6, 7, 8, 9, 30, 31, 32, 33, 34, 35 |
| എഫ് | അക്രമരഹിതതദ്ദേശഭരണം | 27, 28, 41, 42, 43, 45, 46, 47, 48, 49, 51, 52, 66, 69, 71, 73, 76, 77, 78, 79 |
| ജി | എല്ലാവർക്കും തൊഴിൽ | 10, 11, 12, 55, 66 |
| എച്ച് | SC/ST സൗഹൃദ ഇടപെടലുകൾ | 57, 58, 59, 60, 61, 62, 72 |
| ഐ | സാന്ത്വന പരിചരണം | 3, 13, 36, 37, 38, 67 |
| ജെ | ഭവന നിർമ്മാണം | 2, 24, 25 |

സൂചകങ്ങളെ മേൽപറഞ്ഞ പ്രകാരം പട്ടികപ്പെടുത്തിയാൽ കുറഞ്ഞത് 10 സമഗ്ര ഇടപെടൽ മേഖലകൾ ഉണ്ടെന്ന് കാണാം. ഈ സൂചകങ്ങൾ ഒരു മേഖലയുടെ മാത്രം പ്രശ്നങ്ങളല്ല മറിച്ച് വ്യത്യസ്തങ്ങളായ മേഖലകളുമായി പരസ്പരം ബന്ധപ്പെട്ടവയാണ്. എന്നിരുന്നിലും വിവരശേഖരണത്തിനും, മോണിട്ടറിംഗിനും സൗകര്യം ഒരുക്കുവാൻ ഈ രീതി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായിരിക്കും.

## സൂചകങ്ങളും പ്രോജക്ടുകളും

പ്രോജക്ടുകളുടെ ഘടന നിശ്ചയിക്കുന്ന സെഷനിൽ ലക്ഷ്യങ്ങൾക്കായിരുന്നു പ്രാധാന്യം. ലക്ഷ്യങ്ങളാകട്ടെ ബന്ധപ്പെട്ട സൂചകങ്ങളുടെ നിലവിലെ അവസ്ഥയും മാറ്റം വരുത്തുവാൻ തീരുമാനിക്കുന്ന അവസ്ഥയും അഥവ നിലവാരവും ആയിരിക്കണം. ഇപ്രകാരം പരിശോധിച്ചാൽ സമഗ്ര പദ്ധതികൾ യാഥാർത്ഥ്യ ബോധത്തോടെ രൂപീകരിക്കാൻ ഈ സൂചകങ്ങൾ വളരെ ഫലപ്രദമായിരിക്കുമെന്ന് കാണാവുന്നതാണ്.

## സാമൂഹികമായി സുരക്ഷിതമായ തദ്ദേശ ഭരണ സ്ഥാപനത്തിനുള്ള ആസൂത്രണ ഘട്ടങ്ങൾ

- സൂചക ബന്ധിതമായി പ്രശ്ന അപഗ്രഥനം –പരിഹാര സാധ്യതകൾ (അവസ്ഥാരേഖ)
- മുൻഗണനാ ക്രമീകരണം–ലക്ഷ്യ നിർണയം
- സാഹചര്യ വിശകലനം
- വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും പട്ടികജാതി – വർഗ്ഗക്കാരുടെയും പ്രശ്നങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്യൽ .
- പ്രവർത്തനങ്ങൾ നിർദേശിക്കൽ
- വിഭവങ്ങൾ കണ്ടെത്തൽ
- സമയപരിധി നിർണയിക്കൽ
- നിർവഹണവും നിരീക്ഷണവും

## ഗ്രാമാപഞ്ചായത്തുകൾക്കായി നിർദ്ദേശിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ

- ജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും തിരിച്ചറിയുക
- സമൂഹത്തെ പൂർണമായി അണിനിരത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ നിർവ്വചിക്കുക
- നിലവിലുള്ള സർക്കാർ പദ്ധതികളിൽ നിന്നുള്ള വിഭവങ്ങൾ ഉപയോഗിക്കുക
- നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നന്നാക്കുകയും നവീകരിക്കുകയും ചെയ്യുക
- ഗ്രാമപഞ്ചായത്ത് ശക്തിപ്പെടുത്തുക
- സുതാര്യതയും ഉത്തരവാദിത്തവും പ്രോത്സാഹിപ്പിക്കുക

## വിഭവങ്ങൾ

- സാമൂഹിക സുരക്ഷിതത്വമുള്ള ഗ്രാമങ്ങൾക്ക് പഞ്ചായത്ത് മുൻഗണനാടിസ്ഥാനത്തിൽ മതിയായ ബജറ്റ് വകയിരുത്തണം
- സാമൂഹികമായി സുരക്ഷിതമായ ഗ്രാമങ്ങൾക്കുള്ള പ്രത്യേക ധനസ്രോതസ്സുകൾ– തിട്ടപ്പെടുത്തുക
- കേന്ദ്ര പദ്ധതികൾ
- സംസ്ഥാന പദ്ധതികൾ
- ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ
- സംസ്ഥാന വികസന ഫണ്ട്
- പൊതു – സിവിൽ സമൂഹ വിഹിതങ്ങൾ

അദ്ധ്യായം 6

# സാമൂഹിക സുരക്ഷിതമായ തദ്ദേശഭരണ സ്ഥാപനം - മോണിട്ടറിംഗ്

## എന്താണ് മോണിട്ടറിംഗ്

ഏത് പ്രവർത്തന മേഖലയുടേയും നിലവിലുള്ള അവസ്ഥ എന്താണെന്നും അവ ലക്ഷ്യത്തിലെത്തുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്താണെന്നും തീരുമാനിച്ച് വിടവുകൾ തിട്ടപ്പെടുത്തി സത്വര ഇടപെടലുകൾ നടത്തുന്നതിനുള്ള പ്രക്രിയകളാണ് മോണിട്ടറിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് പൊതുവേ മൂന്ന് രീതികൾ വഴി നിർവ്വഹിക്കപ്പെടുന്നു.

- സേവന കേന്ദ്രം അഥവ നിർവ്വഹണ തല പരിശോധന വഴി
- പുരോഗതി റിപ്പോർട്ട് ശേഖരിച്ച് അപഗ്രന്ഥിച്ച്
- വകുപ്പുതല അവലോകന യോഗങ്ങളിൽ പങ്കെടുത്ത്

വിവരങ്ങൾ നൽകാൻ കഴിയുന്ന കേന്ദ്രങ്ങൾ, വിവരം നൽകൽ ഇടവേളകൾ, മോണിട്ടറിംഗ് ചുമതലക്കാർ എന്നിവ മുൻകൂട്ടി തീരുമാനിക്കപ്പെടണം. ഈ തീരുമാനമനുസരിച്ച് മോണിട്ടറിംഗ് കമ്മിറ്റി യഥാസമയം പ്രവർത്തന പുരോഗതി വിലയിരുത്തുകയും മാറ്റങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം.

## പ്രാദേശിക സുസ്ഥിര വികസന ലക്ഷ്യ മോണിട്ടറിംഗ് സമിതി

- രൂപീകരണം – സ്ഥാപനമേധാവിയുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന സുസ്ഥിര വികസന ലക്ഷ്യ മോണിട്ടിറിംഗ് സമിതി രൂപീകരിക്കുക
- നേതൃത്വം – ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് പ്രസിഡന്റായും തദ്ദേശസ്ഥാപന സെക്രട്ടറി കൺവീനറായും പ്രവർത്തിക്കുക
- സമിതി അംഗങ്ങൾ – ഓരോ സുസ്ഥിര വികസന ലക്ഷ്യ വിഷയമേഖലകൾക്കും ഉപസമിതികൾ ഉണ്ടായിരിക്കുകയും ഈ ഉപസമിതികളിലെ ചെയർമാനും, കൺവീനറും അതോടൊപ്പം സ്ഥാപനം തീരുമാനിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തകരും സുസ്ഥിര വികസന ലക്ഷ്യ മോണിട്ടറിഗ് സമിതി അംഗങ്ങളായിരിക്കും.
- ഉപസമിതി – ഓരോ വിഷയമേഖലക്കും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഉദ്യോഗസ്ഥരുടേയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടേയും പങ്കാളിത്തത്തോടെ ഉപസമിതി.

## ഉന്നതതല കമ്മിറ്റികൾ

- സംസ്ഥാന ജില്ലാ തല സമിതികൾ – ഔദ്യോഗികതലം – സർക്കാർ സംവിധാനങ്ങൾ, കോർഡിനേഷൻ സമിതികൾ, സ്ഥാപന മാനേജ്മെന്റ് സമിതികൾ
- പ്രവർത്തന രീതികൾ – സ്ഥാപന സന്ദർശനം, ഔദ്യോഗിക റിവ്യൂ മീറ്റിംഗ്, ഗ്രാമസഭകളിൽ പങ്കെടുക്കുക, പുരോഗതി റിപ്പോർട്ട് പരിശോധിക്കുക, ഗുണഭോക്താക്കളെ സന്ദർശിക്കുക
- ബ്ലോക്ക്, ജില്ല, പഞ്ചായത്ത് തലത്തിലും മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണ്
- പരാതി പരിശോധനകൾ പരിഹാരങ്ങൾ
- സ്ഥാപന മാനേജ്മെന്റ് സമിതി ശാക്തീകരണം

## പ്രവർത്തനങ്ങൾ

സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങൾ നിശ്ചിത സമയങ്ങളിൽ ശേഖരിക്കുകയും അവ ഡാഷ്ബോർഡ് സംവിധാനത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുക. ഓരോ ഉപസമിതിയും തങ്ങളുടെ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യ സൂചകങ്ങളുടെ അവസ്ഥ ത്രൈമാസികമായോ അർദ്ധവാർഷികമായോ ശേഖരിക്കുകയും സെക്രട്ടറിക്ക് കൈമാറുകയും ചെയ്യുക. ഡാഷ്ബോർഡ് കാലാകാലങ്ങളിൽ പൂരിപ്പിക്കുകയും അതിൽവരുന്ന വിടവുകൾ കണ്ടെത്തുകയും ചെയ്യുന്ന ചുമതല സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ ഉപസമിതിയും തങ്ങളുടെ മേഖലയിൽ നിലവിലെ സൂചകങ്ങൾ ശ്രദ്ധിക്കുകയും നിർണ്ണയിക്കപ്പെട്ട സൂചകങ്ങളിൽ എത്തുന്നതിന് കുറവുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രസിഡന്റിനേയും ഉദ്യോഗസ്ഥരേയും അറിയക്കുകയും പരിഹാര നടപടികൾ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## മോണിട്ടറിംഗിൽ ശ്രദ്ധിക്കേണ്ടത് - എസ്ഡിജി മോണിട്ടറിംഗ് സമിതിയുടെ ലക്ഷ്യം

- ഉദ്യോഗസ്ഥതല ചർച്ചയിലൂടെ ടാർജറ്റ് നിശ്ചയിക്കുക. ഇവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുക
- സമയാധിഷ്ഠിതമായി ടാർജറ്റ് പുരോഗതി തിട്ടപ്പെടുത്തുകയും അവയുടെ ആർജ്ജിത നിലവാരം പരിശോധിക്കുകയും ചെയ്യുക
- സമയാധിഷ്ഠിതമായി പുരോഗതി തിട്ടപ്പെടുത്തുന്നതിന് ഫോർമാറ്റ് തയ്യാറാക്കുക – ത്രൈമാസികം, അർദ്ധവാർഷികം, വാർഷികം
- ഷെഡ്യൂൾ അനുസരിച്ച് ഏത് തരം വിലയിരുത്തൽ രീതി അവലംബിക്കുമെന്ന് തീരുമാനിക്കണം – സ്ഥാപന പരിശോധന രേഖകളുടെ പരിശോധന റിപ്പോർട്ടുകൾ, പ്രവർത്തന രീതികൾ
- തെറ്റുകൾ കണ്ടെത്തുകയല്ല ലക്ഷ്യം. അവ നേടുന്നതിന് വിടവുകൾ ഉണ്ടെങ്കിൽ ഇവ എപ്രകാരം തിരുത്താമെന്ന് പരസ്പരം ചർച്ച ചെയ്ത് തീരുമാനിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക.

## തദ്ദേശ സ്ഥാപനങ്ങളെ സ്വയം വിലയിരുത്തൽ

- ഓരോ മേഖലയിലെയും ബന്ധപ്പെട്ട സൂചകങ്ങളുടെ നിലവിലെ അവസ്ഥ
- പ്രതീക്ഷിച്ച നേട്ടം
- കൈവരിച്ച നേട്ടം
- വിടവുകളുണ്ടെങ്കിൽ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ–അതിന്റെ ജയ പരാജയങ്ങൾ
- പശ്ചാത്തല മേഖല, സേവന മേഖല, ഉൽപ്പാദന മേഖല– ഈ മൂന്ന് രംഗങ്ങളിലും ഉണ്ടായ നേട്ടങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തുക

## മോണിറ്ററിംഗ് ഫോർമാറ്റ്

ഓരോ സൂചകത്തെ സംബന്ധിച്ചും അവസ്ഥാവിശകലനവും പുരോഗതി നിർണ്ണയവും കുറവുകളുണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്യുന്നതിന് ഒരു മോണിട്ടറിംഗ് ഫോർമാറ്റ് തദ്ദേശസ്ഥാപനം ഉപയോഗിക്കുന്നത് അത്യന്താപേക്ഷിതമാണ്. ഒരു മാതൃക ഫോർമാറ്റ് ഇതോടൊപ്പം നൽകുന്നു.

### മോണിട്ടറിംഗ് ഫോർമാറ്റ്

**തദ്ദേശസ്ഥാപനത്തിന്റെ പേര് :..................................................**

**സുസ്ഥിര വികസന വിഷയമേഖല :..............................................**

**തിയതി :..................................**

| എന്താണ് നിരീക്ഷിക്കേണ്ടത് (തദ്ദേശ സ്ഥാപന ലക്ഷ്യങ്ങൾ – സൂചകങ്ങൾ) | ഡാറ്റാ ഉറവിടം | ആര് നിരീക്ഷിക്കും (ചുമതല) | എങ്ങനെ നിരീക്ഷിക്കാം (രീതികൾ) | നിലവിൽ ആർജ്ജിച്ച പുരോഗതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | |
| | | | | |

| ലക്ഷ്യവും പുരോഗതിയും തമ്മിലുള്ള വിടവ് | കണ്ടെത്തിയ കാരണങ്ങൾ | സ്വീകരിക്കുന്ന പരിഹാര നടപടികൾ | റിമാർക്ക്സ് |
|---|---|---|---|
| 6 | 7 | 8 | 9 |
| | | | |
| | | | |
| | | | |